+

പരിശുദ്ധ പിതാവ്

# 10-ാം പീയൂസ് മാർപ്പാപ്പാതിരുമനസ്സിലെ

# ജീവചരിത്രസംഗ്രഹം.




By

റവ. ഫാദർ ഇഗ്നേഷ്യസ് ടി. ഒ. സി. ഡി.

പ്രസാധകൻ

കെ. എം. ജേക്കബ് മാപ്പിള.

പ്രിയോർ കുറിയാക്കോസ് മെമ്മോറിയൽ
പബ്ളീഷിംഗ് ഹൌസ്
കൈനകരി.



കൈനകരി, ചേന്നങ്കരി മഠങ്ങളിലെ ബ. കന്യാസ്ത്രീകൾ
പൂവിതറുന്ന കുട്ടികളുമായി നടക്കുന്നു.
പത്തിൽ ശ്രീമാൻ കുഞ്ചെറിയാ കഴിച്ച കൈനകരിപള്ളി
യിലെ ദർശനതിരുനാളിനോടനുബന്ധിച്ച് നടത്തിയ
വി. കുർബാനയുടെ പ്രദക്ഷിണത്തിലെ ഒരു പ്രധാനരംഗം.

# പരിശുദ്ധപിതാവ്
# പത്താംപീയൂസ് തിരുമനസ്സിലെ
# ജീവചരിത്രസംഗ്രഹം.

പരിഭാഷകൻ

റവ: ഫാദർ ഇഗ്നേഷ്യസ് T. O. C. D.

പ്രസാധകൻ.

കെ. എം. ജേക്കബ് മാപ്പിള.

പ്രിയോർ കുറിയാക്കോസ് മെമ്മോറിയൽ
പബ്ലീഷിംഗ് ഹൗസ്, കൈനകരി.

വില 8 ണ.

1951.

വിജയഭാനു പ്രസ്സ്, ആലപ്പുഴ.

# അവതാരിക.

നമ്മുടെ നൂററാണ്ടിൽ ജീവിച്ചിരുന്ന ഒരു മാർപ്പാപ്പാ—1914—ൽ 79-ാമത്തെ വയസ്സിൽ ദിവംഗതനായ പുണ്യശ്ലോകനായ 10-ാം പീയൂസ് തിരുമനസ്സുകൊണ്ടു—നമ്മുടെ കാലത്തുതന്നെ അനുഗൃഹീതപദത്തിലേയ്ക്കു തന്നെ-ഉയർത്തപ്പെട്ടു കാണാനിടയായതു ഒരു അസുലഭഭാഗ്യമാണെന്നു കരുതണം. സംഭവബഹുലമായ 11 സംവത്സരകാലത്തേയ്ക്കു പത്രോസിൻെറ സിംഹാസനത്തെ അലംകരിച്ചതിനിടയ്ക്കു സർവ്വലോകത്തിൻെറയും കൃതജ്ഞതയ്ക്കു 10-ാംപീയൂസ് പാത്രീഭവിച്ചിട്ടുണ്ടു. ആ കൂട്ടത്തിൽ കേരളീയരായ നമുക്കും ആ പുണ്യപുരുഷനോടുള്ള കടപ്പാട് ചില്ലറയല്ല. തെക്കുംഭാഗത്തിനായി കോട്ടയം വികാരിയാത്തു സ്ഥാപിച്ചുകിട്ടിയതും മററും ഈ മാർപ്പാപ്പായുടെ കാലത്തല്ലെങ്കിൽ അത്ര എളുപ്പം സാധിക്കാവുന്ന കായ്യങ്ങളല്ലെന്നുള്ളതു നാം എന്നെന്നും അനുസ്മരിക്കേണ്ടതാകുന്നു. കുയ്യാളശ്ശേരിമാർ തൊമ്മാ, കണ്ടത്തിൽമാർ ആഗ്സ്തീനോസ്, ചൂളപ്പറമ്പിൽമാർ അലക്സാണ്ടർ എന്നീ തിരുമേനിമാരെ നമുക്കു തെരഞ്ഞെടുത്തുതന്നതും ഈ വന്ദ്യപിതാവാണ്.

തൃശ്ശൂർ വികാരി അപ്പസ്തോലിക്കാ ആയിരുന്ന മേനാശ്ശേരിൽ മാർ യോഹന്നാൻ മെത്രാൻ 1910-ൽ പത്താംപീയൂസ് തിരുമേനിയെ സന്ദർശിക്കാൻ ചെന്നിരുന്നപ്പോൾ ആദ്യ കൂടിക്കാഴ്ചയ്ക്കുശേഷം പിരിയുകയിൽ പരിശുദ്ധപിതാവുതന്നെ എഴുന്നേററുചെന്നു കുറെ നാണയങ്ങൾ വാരി കൊണ്ടുവന്നു കൈയിൽ കൊടുത്തിട്ടു "പട്ടണത്തിലേക്കിറങ്ങുകയല്ലേ. മോൺസിഞ്ഞോറിനു വല്ല സാമാനങ്ങളും വാങ്ങുന്നതിനു ഇതിരിക്കട്ടെ" എന്നരുളിച്ചെ

സ്ഥതായി മെത്രാനച്ചൻതന്നെ പറഞ്ഞുകേട്ടിട്ടുണ്ട് എത്ര പൈതൃകമായ പെരുമാററം' കേരളീയ കത്തോലിക്കരോടു ള്ള എല്ലാ അനുവർത്തനങ്ങളിലും ഈദൃശ പിതൃവാത്സല്യം സവിശേഷം പ്രത്യക്ഷപ്പെട്ടിരുന്നു എന്നുള്ളതു് സുപ്രസി ദ്ധമാണു.

കേരളകർമ്മലീത്താ സഭയുടെ നിയമസംഹിത ശാശ്വതമായി അംഗീകരിച്ചുറപ്പിച്ചതന്നത്തും ഈ പരിശു ദ്ധപിതാവുതന്നെയാണ്. ഈ സഭ 1831—ൽ മാന്നാന ത്തു ആരംഭിക്കുകയും 1855—ൽ ആദ്യപിതാക്കന്മാർ സ ന്യാസവ്രതങ്ങൾ അനുഷ്ഠിക്കുകയും ചെയ്തെങ്കിലും തിരു സിംഹാസനത്തിൻെറ ശാശ്വതാംഗീകരണം സഭയ്ക്കു സിദ്ധിച്ചിരുന്നില്ല 1885 മുതൽ ആറാറുകൊല്ലത്തേക്കു സഭാനിയമങ്ങൾ പരീക്ഷാർത്ഥം താല്ക്കാലികമായി അം ഗീകരിച്ചുകൊണ്ടിരുന്നു. നിയമങ്ങൾക്കു് മാർപ്പാപ്പായു ടെ ശാശ്വതമായ അംഗീകരണം ലഭിക്കാതെ ഒരു സന്യാ സസഭ സന്യാസ സഭയെന്നു പറയാവുന്നതല്ല. അതി നാൽ 1905-ൽ പെ. ബ. കൊച്ചുചാണ്ടിയച്ചൻ ഇതി ലേയ്ക്കു റോമിലെത്തി പരിശുദ്ധപിതാവു 10 ാം പീയൂ സിൻെറപക്കൽ ഒരു നിവേദനം നടത്തുകയും തൽഫല മായി കർദ്ദിനാൾ സംഘത്തിൽ അവസാനമായ പരി ശോധനകൾ നടത്തിച്ചശേഷം 1906 മെയ് മാസം 1-ാനു- മാർപ്പാപ്പാ നമ്മുടെ സന്യാസസംഘത്തിൻെറ "ന്യായപ്ര മാണം" ശാശ്വതമായി അംഗീകരിച്ചു കല്പന അയയ്ക്കുകയു മാണുണ്ടായതു്.

1905-ജൂലൈ 11-ാം തീയതിയാണ് പെ ബ. കൊച്ചുചാണ്ടിയച്ചൻ 10-ാം പീയൂസിനെ സന്ദർശിച്ചു

ളു്. അമലോത്ഭവ ദൈവജനനിയുടെ ദാസന്മാരായി ആരംഭിച്ച കേരള കർമ്മലീത്താസഭക്കാർ അക്കാലത്തു ഉപയോഗിച്ചിരുന്നനീലക്കാപ്പയും അദ്ദേഹംധരിച്ചിരുന്നു. "കർമ്മലീത്താക്കാരാണയ രക്കെ നീലക്കാപ്പ ധരിക്കുന്നതെന്തുകൊണ്ടു ?" എന്നു ഒരവസരത്തിൽ പരിശുദ്ധപിതാവു കല്പിച്ചു ചോദിക്കുകയുണ്ടായി. തിരുമനസ്സിലെ ഇംഗിതാനുസരണം പിന്നീടു തിരുസംഘത്തിന്റെ അനുമതിയോടുകൂടെ 1916 സെപ്റ്റംബർ മുതൽ വെള്ളക്കാപ്പതന്നെ ഉപയോഗിച്ചുതുടങ്ങുകയും, അങ്ങിനെ നമ്മുടെ സഭ പരിപൂർണ്ണമായി കർമ്മലീത്താ പദത്തിലെത്തുകയും ചെയ്തു ഇങ്ങിനെ പല കാരണങ്ങളാൽ, ഈ വന്ദ്യപിതാവിനോടു നമ്മുടെ കർമ്മലീത്താ സഭയിലുള്ള ഭക്തി വളരെ പഴക്കമുള്ളതുതന്നെയത്രെ വാഴ്ത്തപ്പെട്ടവന്റെ പടങ്ങളും വിശുദ്ധാവശിഷ്ടങ്ങളും പൂജ്യമായി നിക്ഷേപിച്ചിട്ടില്ലാത്ത ആശ്രമങ്ങൾ ഉണ്ടെന്നു തോന്നുന്നില്ല. ഈ സാഹചര്യങ്ങളിൽ പത്താംപീയൂസിന്റെ ഈ ജീവചരിത്ര സംഗ്രഹം കേരളീയ മഹാജനസമക്ഷം അവതരിപ്പിക്കുവാൻ അവസരം കിട്ടിയതു് ഒരു മഹാ ഭാഗ്യമായിട്ടാണു ഈയുള്ളവൻ കരുതുന്നതു്.

84—മത്തെ വയസ്സിൽ ഇന്നും അരോഗദൃഢഗാത്രനായി കഴിഞ്ഞുകൂടുന്ന ക. നി. മൂ. സ. ബ ഈനാസിയച്ചന്റെ തിരുസഭാചരിത്രഗ്രന്ഥത്തിലെ ഒരദ്ധ്യായം അതേപടി പകർത്തിയിട്ടുള്ളതുമാത്രമാണു് ഈ ചരിത്രസംക്ഷേപം. അനതിവിസ്തൃതമായ ഒരു സഭാചരിത്രഗ്രന്ഥത്തിൽ ഇതിൽ കൂടുതൽ സ്ഥലം ഇതിലേയ്ക്കു അനുവദിക്കാവു

ന്നതല്ല. എന്നാൽ പത്താം പീയൂസിന്റെ ചരിത്രം ഇതു കൊണ്ടു ഒന്നുമാകുന്നില്ല. ജീവിതകാലത്തിൽതന്നെ അനിഷേധ്യങ്ങളായ അനവധി അത്ഭുതങ്ങൾ പ്രവൎത്തിച്ചു് അഗോളവ്യാപകങ്ങളായ പല മഹൽ കാൎയ്യങ്ങൾ സാധിച്ചു, ദീർഘായുഷ്മാനായി കഴിഞ്ഞുകൂടിയ മഹാനായ ഈ പാപ്പായുടെ സംപൂൎണ്ണചരിത്രത്തിനു വാല്യങ്ങൾ തന്നെ പലതു വേണ്ടിവരും. അങ്ങിനെയുള്ള ചരിത്രങ്ങൾ പുറപ്പെട്ടിട്ടുണ്ടു്, പുറപ്പെടുന്നുമുണ്ടു്.

എന്നാൽ അംഗുലീപരിമിതമായ ഈ ചെറുചരിത്രത്തിലും ഒരു കാൎയ്യം തെളിഞ്ഞുകാണാവുന്നതാണു്. ഏററം വിനീതമായ നിലയിൽനിന്നുയൎന്നു് തിരുസഭയുടെ പരമാദ്ധ്യക്ഷപദത്തോളമെത്തിയ ഈ വന്ദ്യൻ ആജീവനാന്തം വിനീതനായിത്തന്നെ ജീവിതം നയിച്ചതു് ഏതുവിധമെന്നു ഈ ചെറുപുസ്തകത്തിൽനിന്നു ഗ്രഹിക്കാം. “തിരുസഭാ പ്രബോധനത്തിൽ ഒന്നാമത്തേതു എന്താണെന്നു ചോദിച്ചാൽ എളിമയാണെന്നു ഞാൻ ഉത്തരം പറയും. രണ്ടാമത്തേതു എന്താണെന്നു ചോദിച്ചാൽ എളിമയാണെന്നു പറയും. മൂന്നാമത്തേതു എന്താണെന്നു് ചോദിച്ചാലും എളിമയാണെന്നു പറയും.” എന്നാണല്ലോ പണ്ഡിതാഗ്രേസരനായ വി. അഗസ്തീനോസു് പറഞ്ഞിരിക്കുന്നതു്. എളിമയുണ്ടെങ്കിൽ എല്ലാം ഉണ്ടു, അതില്ലെങ്കിൽ ഒന്നുമില്ല. ഈ മഹാതത്വം വാഴ്ത്തപ്പെട്ട പീയൂസിന്റെ ഈ ലഘുചരിത്രത്തിൽനിന്നു നമുക്കു ഗ്രഹിക്കുവാൻ കഴിയും.

ലോകസമാധാനം സമരരാക്ഷസനാൽ ഭഞ്ജിക്കപ്പെടുന്നതുകണ്ടു് ചങ്കുതകൎന്നു ലോകവാസം വെടിഞ്ഞ ഒരു

രക്തസാക്ഷിയാണ് ഈ വന്ദ്യൻ. ആകയാൽ 12-ാം പീയൂസ് തിരുമനസ്സുകൊണ്ട് സമാധാനസംരക്ഷണാർത്ഥം പൂജ്യപുരോഗാമിയെ അഭയം ഗമിച്ചിരിക്കുന്നത് സർവ്വഥാ സമീചീനംതന്നെ. അനുദിനം ഈ ഉദ്ദേശസാദ്ധ്യാർത്ഥം ഒരു ദിവ്യപൂജ വാഴ്ത്തപ്പെട്ട പീയൂസിനെകുറിച്ച് വത്തിക്കാൻ ദേവാലയത്തിൽ അർപ്പിച്ചുവരുന്നതിനു മാർപ്പാപ്പാ ആജ്ഞാപിച്ചിരിക്കുകയാണ്. കലങ്ങിമറിഞ്ഞുകിടക്കുന്ന ലോകം തെളിഞ്ഞു വിളങ്ങി വരുന്നതിലേയ്ക്കു പരിശുദ്ധപിതാവിനോടു ഏകോപിച്ചു നമുക്കും ഈ അഭിനവ അനുഗ്രഹീതനോടു അഭ്യർത്ഥിക്കാം. എല്ലാം തെളിഞ്ഞുവരികതന്നെ ചെയ്യും.

പ്രിയോർ കുറിയാക്കോസ് മെമ്മോറിയൽ പബ്ലിഷിങ്ങ് ഹൗസ് പ്രസാധകൻ എന്ന നിലയിൽ മി. കെ. എം. ജേക്കബ് മാപ്പിള ഈദൃശകാര്യങ്ങളിൽ മുന്നിട്ടുനിന്നു ചെയ്യുന്ന അവിശ്രമ പരിശ്രമങ്ങൾ ഏവരുടേയും അഭിനന്ദനത്തെ അർഹിച്ചുവരുന്നുണ്ട്. പോരാ, അകമഴിഞ്ഞ പ്രോത്സാഹനത്തിനും വിഷയീഭവിച്ചുകാണ്മാൻ ആഗ്രഹിക്കുന്നു! പ്രസിദ്ധീകരണ പ്രേഷിത ജോലിയെ എപ്പോഴും അനുഗ്രഹിച്ചുവന്ന അനുഗ്രഹീതനായ പീയൂസ് അദ്ദേഹത്തെയും അനുഗ്രഹിക്കുമാറാകട്ടെ.

ഫാദർ, സൈമൺ ഡി. ഡി.
ഗാഗുൽത്താകൊവേന്ത, ചമ്പക്കുളം.
1951 ആഗസ്റ്റ് 15.

# അഭിപ്രായം.

I

കഴിഞ്ഞ ജൂൺമാസത്തിൽ ധന്യസംജ്ഞ നൽകിയ കതോട്ട് പ. പിതാവു് പത്താം പീയൂസ് പാപ്പായെ സംബന്ധിച്ചറിയുന്നതിനു ജനങ്ങളുടെ ആസക്തി വർദ്ധിച്ചിട്ടുണ്ടു്. അദ്ദേഹത്തെ താമസിയാതെതന്നെ വിശുദ്ധഗണത്തിൽ ചേർക്കണമെന്നു ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും അപേക്ഷകൾ പ. പിതാവിനു കിട്ടിക്കൊണ്ടിരിക്കുന്നതായും അറിയുന്നു.

ഗ്രാമത്തിൽ ജനിച്ച ഗ്രാമീണനായി വളർന്നു ജീവിച്ചശേഷം മാർപ്പാപ്പായായി തെരഞ്ഞെടുക്കപ്പെട്ട ഇദ്ദേഹത്തിന്റെ ജീവിതം ആദ്യന്തം ആസ്വാദ്യതരമാണു്. രസകരങ്ങളായ അനേകം അപദാനങ്ങൾ അദ്ദേഹത്തിന്റെ ചരിത്രത്തിൽ അടങ്ങിയിട്ടുണ്ടു്. അവയെ സമാഹരിക്കുന്ന ഒരു ജീവചരിത്രം കൈരളിയ്ക്കൊരു അനർഘസമ്പത്തായിരിക്കും. അതിനു ഇനിയും കാത്തിരിക്കണമെന്നാണു തോന്നുന്നതു്.

പത്താംപീയൂസ് പാപ്പായുടെ ജീവിതത്തെ സംബന്ധിക്കുന്ന സാമാന്യരൂപം നമുക്കു പ്രദാനം ചെയ്യുവാൻ ബ. ഇഗ്നാസിയച്ചന്റെ ലഘുകൃതിയ്ക്കു സാധിച്ചിട്ടുണ്ടു്. ലളിതഭാഷയിൽ രചിച്ചിരിക്കുന്ന ഈ ലഘുകൃതി ഉത്തുംഗമായ ഔദ്യോഗിക സ്ഥാനത്തും വിനയവും ദാരിദ്ര്യവും ക്രിസ്തുവിന്റെ ശിഷ്യൻ എങ്ങിനെ വിനിയോഗിക്കണമെന്നു നമ്മെ കാണിക്കും. പത്താംപീയൂസിന്റെ ജീവിതസൌരഭ്യം വിശുദ്ധ ജീവിതത്തിലേയ്ക്കു നമ്മെ ക്ഷണിക്കും.

എൻ. ജെ. ചിറവൂർ.

## II

ഈ നൂററാണ്ടിൽ മരണമടഞ്ഞ ഒരു വിശുദ്ധാത്മാവാണു് പത്താം പീയൂസ് പാപ്പാ. ഒരു തൊഴിലാളിയുടെ മകനായി ജനിച്ചു ലോകത്തിലെ ഏററവും പ്രബലവും പ്രാചീനവുമായ ഒരു സംഘടനയുടെ തലവനായി മരിച്ചു. തിരുസഭയുടെ വർഗ്ഗരാഹിത്യവും സാർവ്വത്രികത്വവും വിളിച്ചറിയിക്കുന്ന ഒരു സാധനപാഠമാണു് അദ്ദേഹത്തിൻെറ ജീവിതം. അദ്ദേഹവുമായി പരിചയപ്പെടുന്നതു നല്ലതാണു്. അദ്ദേഹത്തെ അറിഞ്ഞാൽ പിന്നെ സ്നേഹിക്കാതെയിരിക്കുക സാദ്ധ്യമല്ല.

പണമൊ സമയമൊ ഏറെ ചിലവാകാതെ ആ പരിചയവും സ്നേഹവും സമ്പാദിക്കുവാൻ സഹായിക്കുന്നതാണു ഈ ചെറുപുസ്തകം. ഇത്തരം പുസ്തകങ്ങളുടെ നിർമ്മിതി അറിവും ധനവും അധികം ഇല്ലാത്തവർക്കു ചെയ്യുന്ന ഒരു സേവനമാണു്.

അതുകൊണ്ടു പരിഭാഷകനും പ്രസാധകനും ഏവരുടെയും പ്രോത്സാഹനം അർഹിക്കുന്നുണ്ടു്

ഫാ ജോസഫ് കോയിൽ പറമ്പിൽ എസ്സ്. ജെ

## III

ക നി. മൂ സ ബ ഇഗ്നാസിയച്ചൻ പരിഭാഷപ്പെടുത്തിയതും പ്രിയോർ കുറിയാക്കോസ് മെമ്മോറിയൽ പബ്ളീഷിംഗ് ഹൌസിൽ നിന്നും പ്രസിദ്ധം ചെയ്യുന്നതുമായ സിദ്ധനായ പത്താംപീയൂസ് മാർപ്പാപ്പായുടെ ജീവചരിത്രസംഗ്രഹം വായിച്ചുനോക്കി. ഗ്രന്ഥം ചെറുതാണെങ്കിലും ഭാഷ വളരെ ലളിതവും വിഷയങ്ങൾ ഹൃദ്യവുമായി കാണുന്നു. സിദ്ധന്മാരുടെ ഗണത്തിൽ നവീനമായി ചേർക്കപ്പെട്ടിരിക്കുന്ന ഈ മഹാപുരുഷൻെറ ജീവിത കഥ കത്തോലിക്കർക്കും ഇതരർക്കും ഉത്തേജക ജനകമായി തീരട്ടെയെന്നു ആശംസിക്കുന്നു.

ഫാദർ. എൻ ഏ. തോമസ്, നങ്ങച്ചുവീട്ടിൽ

# പ്രസ്താവന.

ആലപ്പുഴ മാർസ്ലീവാ പള്ളി ഇടവക പുത്തൻപുരയ്ക്കൽ കുടുംബാംഗവും എന്റെ പിതൃസഹോദരി പുത്രനുമായ ക. നി. മൂ സ. ബ. ഇഗ്നാസിയച്ചൻ അവർകൾ കർണ്ണാടകഭാഷയിൽനിന്നും ഭാഷാന്തരം ചെയ്തു പ്രസിദ്ധീകരിച്ചിരുന്ന "തിരുസഭാ ചരിത്രഗ്രന്ഥ"ത്തിന്റെ ഒരു അദ്ധ്യായമാണു "പരിശുദ്ധപിതാവു് പത്താം പീയൂസ്സ് പാപ്പാ തിരുമനസ്സിലെ ജീവചരിത്രസംഗ്രഹം" എന്ന ഈ ചെറുപുസ്തകം 1951-ജൂൺ 3-ാംനു- വാഴ്ത്തപ്പെട്ടവനെന്നു നാമകരണംചെയ്ത ആ മഹാത്മാവിന്റെ ജീവിതകഥ സാമാന്യജനങ്ങളുടെ അറിവിനായി പ്രചരിപ്പിക്കണമെന്നുള്ള സദുദ്ദേശത്തോടുകൂടിയാണു് പ്രസ്തുത ചരിത്രഭാഗം പ്രത്യേകം പ്രസിദ്ധം ചെയ്യുന്നതിനുള്ള അനുമതി ആ വന്ദ്യവൈദികസഹോദരൻ എനിക്കു നൽകിയതു്.

കേരളീയ കർമ്മലീത്താസഭയും പത്താംപീയൂസ് പാപ്പാതിരുമേനിയും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെ വിശദീകരിച്ചും മലയാളത്തിലെ സുറിയാനികത്തോലിക്കർക്കു പൊതുവായും കോട്ടയം—ചങ്ങനാശ്ശേരി എന്നീ രൂപതകൾക്കു പ്രത്യേകമായും പത്താംപീയൂസ് പാപ്പാ തിരുമനസ്സിലെ കാരുണ്യാതിരേകത്താൽ സിദ്ധിച്ചിട്ടുള്ള ആനുകൂല്യങ്ങളെ രേഖപ്പെടുത്തിയും ചരിത്രപരമായ ഒരു അവതാരികമൂലം ഈ ചരിത്രഗ്രന്ഥത്തെ അലംകരിക്കുവാൻ സന്മനസ്സുണ്ടായ റവ. ഫാദർ സൈമൺ ഡി. ഡി അവർകളോടു —അതെ! രോഗാതുരനെങ്കിലും, ഇന്നും സമുദായസേവനതല്പരനായി, സമുദായസ്നേഹതല്പരനായി, സമാധാനതല്പരനായി ചമ്പക്കുളം ശാല്ഗൽത്താകൊവേന്ത

യിൽ വിശ്രമജീവിതം നയിച്ചുവരുന്ന ആ വന്ദ്യവൈദിക വരേണ്യനോട് എനിക്കുള്ള കൃതജ്ഞത അപാരമാകുന്നു.

പാവനചരിതനായ പരിശുദ്ധപിതാവ് പത്താം പീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെ പവിത്രാദർശങ്ങളെ പരാമർശിച്ചും പരിഭാഷകൻെറ പരിശ്രമങ്ങളെ അഭിനന്ദിച്ചും അഭിപ്രായങ്ങൾ തന്നു പ്രോത്സാഹിപ്പിച്ചിട്ടുള്ള വെരി. റവ. ഫാദർ ഡാക്ടർ എൻ. ജെ. ചിറമ്മൽ അവർകളോടും റവ ഫാദർ ജോസഫ് കോയിൽപറമ്പിൽ എസ്സ്. ജെ. അവർകളോടും, റവ ഫാദർ ഡാക്ടർ എൻ. ഏ. തോമസ് നങ്ങച്ചിവീട്ടിൽ അവർകളോടും എനിക്കു വളരെ കൃതജ്ഞതയുണ്ട്.

അവസാനമായി പരിശുദ്ധ കന്യകമറിയത്തിൻെറ സ്വർഗ്ഗാരോഹണത്തിരുനാളായ ഇന്നേ ദിവസം ഈ പുസ്തകം പ്രസിദ്ധം ചെയ്യുവാനിടയായതിൽ ദൈവത്തിനു സ്തോത്രം ചെയ്യുന്നു.

പ്രസാധകൻ

1951 ആഗസ്റ്റ് 15-ാംനു-

# ധന്യതാപദ പ്രഖ്യാപനം.

(സ്വന്തം പ്രതിനിധി)

ഇന്നു ജീവിച്ചിരിക്കുന്നവരിൽ പലർക്കും നേരിട്ടറിയുവാനും അഭിമുഖമായി സന്ദർശിക്കുവാനും അനുഗ്രഹാശിസ്സുകൾ പ്രാപിക്കുവാനും സാധിച്ചിട്ടുള്ള പാവനചരിതനായ പത്താംപീയൂസ് മാർപ്പാപ്പാതിരുമേനിയെ 12-ാം പീയൂസ് തിരുമേനി ധന്യനെന്നു പ്രഖ്യാപിക്കുന്ന ചടങ്ങിൽ അവർ നേരിട്ടു സംബന്ധിച്ചു കൃതകൃത്യരാകുന്ന ഒരു രംഗം ദർശിക്കുവാനുള്ള ഒരു ഭാഗ്യമാണു ജൂൺ 3-ാംനു-യായ ഇന്നു നിങ്ങളുടെ പ്രതിനിധിക്കും കൈവന്നതു് വിശുദ്ധപദപ്രഖ്യാപനത്തിനു പ്രാരംഭമായ ധന്യതാപ്രഖ്യാപനം ഒട്ടും അപ്രധാനമല്ലാത്ത ഒരു സംഭവമാണു്. പ. കന്യകമറിയത്തിന്റെ സ്വർഗ്ഗാരോപണ പ്രഖ്യാപനവേളയിൽ സാധാരണക്കാരുടെ ഭാവനാപരിധിയിൽ ഒതുങ്ങാത്ത ഒരു ജനൗഘമാണു ഇവിടെ തിങ്ങിക്കൂടിയിരുന്നതു്. അതിനെ കവച്ചുവയ്ക്കും എന്നു പറയുന്നില്ലെങ്കിലും അതിൽ ഒട്ടും കുറയാത്ത ഒരു ജനൗഘം ഇന്നു റോമിൽ തടിച്ചുകൂടിയിരുന്നു. നടന്ന ചടങ്ങുകൾ സംക്ഷിപ്തമായി ഇങ്ങനെ വിവരിക്കാം. ധന്യസ്ഥാനാർഹന്റെ മൃതദേഹം രാവിലെ മുതൽ വിശുദ്ധ പത്രോസിന്റെ ദേവാലയത്തിൽ ഒരു സ്ഫടികപേടകത്തിൽ പ്രദർശിപ്പിക്കപ്പെട്ടു. വെള്ളയങ്കി, തൊപ്പി, ചെരിപ്പു്, തിരുവാഴി മുതലായ വേഷഭൂഷണങ്ങളോടുകൂടിയാണു മൃതദേഹം പ്രദർശിപ്പിക്കപ്പെട്ടതു് ഡിക്രിവായനക്കുശേഷം ധന്യനായ പത്താംപീയൂസിന്റെ ബഹുമാനാർത്ഥം ബസിലിക്കായിലെ ആർച്ചുപ്രീസ്റ്റ് ആയ കർദിനാൾറൊഡസ്റ്റീനി ആഘോഷമായ ദിവ്യപൂജപാടി.

വൈകുന്നേരം 6-30 നു് പേപ്പൽ സിംഹാസനത്തിൽ പ. പിതാവു 12-ാം പീയൂസു് ബസിലിക്കായിലേക്കു ആവഹിക്കപ്പെട്ടു. മാർപ്പാപ്പാ തിരുമേനി, പിന്നാലെ കാൽനടയായി കർദിനാളന്മാർ, മെത്രാന്മാർ എന്നീ ക്രമത്തിലായിരുന്നു ആഘോഷപൂർവ്വമായ ആയാത്ര. കർദിനാളന്മാരുടെ പിന്നിലായി ഒരു കേരളീയനായ കൊല്ലം

മെത്രാൻ ഡോ ജറോം ഫെർണാണ്ടസ് തിരുമേനിയേയും ദർശിക്കുവാനിടയായതിൽ നിങ്ങളുടെ പ്രതിനിധിയ്ക്കു അനല്പമായ ഹൃദയാഹ്ളാദമുണ്ടായി. ബസിലിക്കായുടെ പ്രധാന കവാടത്തിൻെറ മുൻപിലായി സജ്ജമാക്കപ്പെട്ടിരുന്ന അൽത്താരാന്തികത്തിൽ കൃത്യം 7 മണിയ്ക്കു 12-ാം പീയൂസ് തിരുമേനി എത്തി ധന്യനായ തൻെറ മുൻഗാമിയുടെ ജഡത്തെ വന്ദിച്ചശേഷം ധന്യത്വപദവിയെപ്പററിയും മററും ഏതാണ്ടു അരമണിക്കൂറോളം ദീർഘിച്ച ഒരു പ്രസംഗം ചെയ്തു. കർദിനാൾ ററെഡെസ്കീനിയുടെ പ്രധാന കാർമ്മികത്വത്തിൽ നടന്ന ദിവ്യകാരുണ്യാശീർവാദത്തിനുശേഷം ദേവാലയസ്തൂപയറിലൂടെ തന്നെ പ പിതാവു മടങ്ങി.

ഈ മംഗളാവസരത്തിൽ 23 കർദനാളന്മാരും, മെത്രാന്മാരും മെത്രാപ്പോലീത്താമാരുമായി 300 പേരും, സഹസ്രക്കണക്കിനു വൈദികരും സംബന്ധിച്ചിരുന്നു. 10-ാം പീയൂസിൻെറ മാദ്ധ്യസ്ഥത്താൽ അത്ഭുതകരമായി സുഖംപ്രാപിച്ച ഒരു കന്യകയും ഇക്കൂട്ടത്തിൽ ഉൾപ്പെട്ടിരുന്നതായി അറിയുവാൻ കഴിഞ്ഞു. ബസിലിക്കയിലെ പ്രധാന അൽത്താരയ്ക്കു മുകളിലായി പത്താംപീയൂസിൻെറ ഒരു ഛായാപടം തൂക്കിയിരുന്നതു് ഈ ശുഭാവസരത്തിൽ കാണികളുടെ സവിശേഷമായ ശ്രദ്ധയെ ആകർഷിച്ചിരുന്നു. മൃതദേഹം അടക്കംചെയ്തിരിക്കുന്ന പേടകം മൂന്നുദിവസം ദേവാലയത്തിൽതന്നെ സൂക്ഷിക്കുന്നതും അനന്തരം വത്തിക്കാൻ ഗ്രോട്ടോയിലേക്കു എന്നെന്നേക്കുമായി മാററം ചെയ്യപ്പെടുന്നതുമാണു്.

ഇതിനകം ഉണ്ടായിട്ടുള്ള 261 മാർപ്പാപ്പാമാരിൽ 77 പേർ വിശുദ്ധരായി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ടു്. എട്ടു പേർ ധന്യരെന്നു പ്രഖ്യാപിക്കപ്പെട്ടവരായും ഇപ്പോഴുണ്ടു്. 1572ൽ ദിവംഗതനായ പീയൂസ് പഞ്ചമൻ 100 കൊല്ലം കഴിഞ്ഞപ്പോൾ ധന്യനായി പ്രഖ്യാപിക്കപ്പെട്ടു. 1712-ൽ വിശുദ്ധപദത്തിലേക്കും ഉയർത്തപ്പെട്ടു. പീയൂസ് പഞ്ചമനുശേഷം ഒരു മാർപ്പാപ്പാ ധന്യനായി പ്രഖ്യാപിക്കപ്പെടുന്നതു ഇതാദ്യമായിട്ടാണു്. (ദീപിക.)

# പരിശുദ്ധ പിതാവു്
# പത്താംപീയൂസ്
# മാർപ്പാപ്പാ തിരുമനസ്സിലെ
# ജീവചരിത്ര സംഗ്രഹം.

1903-ാം വൎഷം ജൂലായിമാസം 30-ാംനു- ലേയോ ത്രയോദശൻ നിൎയ്യാതനായി അടുത്ത മാർപ്പാപ്പായെ തെരഞ്ഞെടുക്കാനുള്ള കർദിനാൾ സംഘത്തിൽ സംബന്ധിക്കുന്നതിനായിട്ടു വെനീസിലെ ജോസേപ്പു് മെല്ക്കിയോർ കർദിനാൾ പുറപ്പെട്ടുവാൻ പോകുന്ന അവസരത്തിൽ ആ ഇടവകയിൽപെട്ട ദൂരസ്ഥലങ്ങളിൽ നിന്നുപോലും അവിടത്തെ ആദ്ധ്യാത്മിക മക്കൾ വന്നു തന്നെ കാൺമാൻ നില്ക്കുന്നതും കണ്ണുനീർവാൎത്തു കരയുന്നതും കർദിനാൾ കണ്ടു അവരെ ആശ്വസിപ്പിക്കുകയും ആശീർവദിക്കുകയും ചെയ്തു. വണ്ടി നീങ്ങി തുടങ്ങിയപ്പോൾ പ്ളാററുഫോറത്തിൽ നിന്നിരുന്ന പലർ "തിരുമേനി തിരിച്ചു വരികയില്ലായിരിക്കും; അതുകൊണ്ടു അവസാന ആശിസ്സു കൂടി ഞങ്ങൾക്കു നൽകാറാകണം" എന്നു ഉണൎത്തിച്ചു അപ്പോൾ അവരുടെ പ്രണയപിതാവായ സാൎത്തൊ കർദിനാൾ "ഇല്ലയില്ല. ജീവിച്ചാലും മരിച്ചാലും ഞാൻ തിരിച്ചുവരും" എന്നു പറഞ്ഞു കാഴ്ചയിൽനിന്നു മറഞ്ഞു. മാർപ്പാപ്പായെ തെരഞ്ഞെടുക്കാൻ അവകാശമുള്ള കർദിനാളന്മാരിൽ ഭൂരിപക്ഷത്തിനും സാൎത്തൊ കർദിനാൾ അപരിചിതനായിരുന്നു നന്നാ ചുരുക്കംപേർമാത്രമെ അദ്ദേഹത്തെ അറിഞ്ഞിരുന്നുള്ളൂ. ചില അവസരങ്ങളിൽ അദ്ദേഹത്തെ കണ്ടു സംസാരിച്ചിട്ടുള്ള ചുരുക്കം ചിലൎക്കുപോലും സാവ

കാലത്തിൽ അദ്ദേഹത്തോട്ടു സംഭാഷിച്ചു അദ്ദേഹത്തിൻെറ ഗുണവൈശിഷ്ട്യങ്ങളും ആദർശങ്ങളും ആലോചനാബുദ്ധിയും വിവേചിച്ചു മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ടായിരുന്നില്ല അദ്ദേഹത്തെ പൂർണ്ണമായി അറിഞ്ഞിട്ടില്ലാത്ത ചിലർ അദ്ദേഹം ഒരു നിഷ്കപടനും ചില അബദ്ധാഭിപ്രായം പാലിച്ചുകൊണ്ടു പോരുന്നവനും ആണെന്നുമാത്രമേ ഗണിച്ചിരുന്നുള്ളു മററു ചിലരാകട്ടെ അദ്ദേഹം ഒരു ഗ്രാമവൈദികൻെറ ഉത്തമ ദൃഷ്ടാന്തവും അലങ്കാരവുമാണെന്നു മാത്രമാണു മനസ്സിലാക്കിയിരുന്നതു്. എന്നാൽ ചില മെത്രാന്മാർ അദ്ദേഹത്തിൻെറ പക്കൽ ചെന്നു സംസാരിക്കുന്നതുകണ്ടു കർദിനാളന്മാർ ആശ്ചര്യപ്പെട്ടുകയുണ്ടായി അതു നിരർത്ഥകമായിരുന്നില്ല. സാത്തോ കർദിനാൾ മെത്രാനായിരുന്നപ്പോൾ തൻെറ രൂപതയിൽ വരുത്തിയ സംസ്കാരങ്ങളും അഭിവൃദ്ധിയും അവർ അകലെനിന്നു വീക്ഷിച്ചിരുന്നതിനാൽ അവക്കു ഒരു നല്ല അഭിപ്രായമാണു സാത്തോ കർദിനാളെപ്പററിയുണ്ടായിരുന്നതു് തത്തുല്യമായ ഒരു അഭിപ്രായമാണു് ന്യൂയോക്കിലെ കർദിനാളിനും തൻെറ സഹോദരന്മാരായ അമേരിക്കയിലെയും ഇംഗ്ലണ്ടിലെയും മെത്രാന്മാക്കും ഉണ്ടായിരുന്നതു്. കോൺക്ലേവിനു (1) മുമ്പുനടന്ന ഒരു ചെറിയ സദസ്സിൽ സാത്തോ കർദിനാൾ ചെന്നു ഒരു ഫ്രെഞ്ചു കർദിനാളിൻെറ സമീപമിരുന്നു അപ്പോൾ ആ കർദിനാൾ ഫ്രെഞ്ചുഭാഷയിൽ സംസാരിച്ചുതുടങ്ങി. അതിനു സാത്തോ കർദിനാൾ തനിക്കു ഫ്രെഞ്ചു അറിഞ്ഞുകൂടാ എന്നു ലത്തീൻഭാഷയിൽ പറ

(1) കോൺക്ലേവ്, ഒന്നിച്ചു ആക്കി അടച്ചിരിക്കുന്ന സ്ഥലം എന്നാണ് അക്ഷരാർത്ഥം. ഇതു മാർപ്പാപ്പാമാരെ തെരഞ്ഞെടുക്കാൻ കൂടുന്നവക്കും, പുറമെയുള്ളവരോടു സംസർഗ്ഗമില്ലാത്ത വിലാസമറിയ മുറികൾക്കു പറയുന്ന പേരാണ്.

ത്തു അപ്പോൾ നിങ്ങൾക്ക് ഫ്രന്തുഭാഷാജ്ഞാനമില്ലെങ്കിൽ മാർപ്പാപ്പായാകാൻ സാധിക്കുകയില്ല; മാർപ്പാപ്പാമാരെല്ലാവരും ഞങ്ങളുടെ ഭാഷ അറിഞ്ഞിരിക്കണം, എന്നു വാദിച്ചു അതിന്നു സാത്തോ കർദിനാൾ സുസ്മരമുഖനായി "എനിക്കു മാർപ്പാപ്പായാകാൻ സാധിക്കാത്തതുതന്നെ ഒരു വലിയ ഭാഗ്യം, അതിന്നു ഞാൻ ദൈവത്തിന്നു സ്തോത്രം ചെയ്യുന്നു" എന്നു പറഞ്ഞു

അനന്തരം കുറികൾ ഇട്ടു തുടങ്ങി ലേയൊ ത്രയോദശൻെറ കാര്യദർശിയായിരുന്ന റമ്പോള കർദിനാളിന്നു 24-ം, സാത്തോ കർദിനാളിന്നു 5-ം ആണു് ആദ്യം വിണതു്. പിന്നീട്ടുള്ള കുറിയിടലിൽ സാത്തോ കർദിനാളിന്നുകൂടിയും ശേഷം കർദിനാളന്മാൎക്കു കുറഞ്ഞും വരുന്നതു സാത്തോ കർദിനാൾ കണ്ടപ്പോൾ എഴുന്നേററുനിന്നു രക്തവൎണ്ണനേത്രങ്ങളോടും അശ്രുധാര ഒഴുക്കിക്കൊണ്ടും തൻെറ അയോഗ്യതകളെല്ലാം ഓരോന്നോരോന്നായി പ്രസ്താവിച്ചു്, താൻ ആ ഉന്നതസ്ഥാനത്തിന്നു അയോഗ്യനാണെന്നു വിവരിച്ചു കാണിച്ചു അനന്തരം തന്നെ ഒഴിച്ചു മററാരെയെങ്കിലും തെരഞ്ഞെടുപ്പാറാകണം എന്നു അപേക്ഷിച്ചു. കൂടാതെ മാർപ്പാപ്പാ സ്ഥാനത്തിന്നു വേണ്ടതായ സദ്ഗുണങ്ങളും ശാസ്ത്രനൈപുണ്യവും, സാമൎത്ഥ്യവും തനിക്കില്ലെന്നു സ്വന്തമനസ്സാക്ഷിയിൽ തോന്നുന്നതിനാൽ വ്യസനിക്കുന്നുവെന്നും വാദിച്ചു ഇവയെല്ലാം നിഷ്ഫലമായതേയുള്ളു. ഇവകൾകൊണ്ടു അദ്ദേഹത്തിൻെറ എളിമ പ്രത്യക്ഷപ്പെടുകയാൽ കർദിനാളന്മാരും മെത്രാന്മാരും മാർപ്പാപ്പായുടെ ഉന്നതസ്ഥാനത്തിന്നു യോഗ്യനായ പുരുഷൻ അദ്ദേഹം തന്നെയാണെന്നു തീർച്ചപ്പെടുത്തി. തന്നിമിത്തം പിന്നീടത്തെ കുറിയിടലിൽ 50 വോട്ടു്, സാത്തോ

കർദിനാളിനു വീണു അമേരിക്കാക്കാരൻ ജിബൺസ്സ് കർദിനാൾ ഇതു് സംബന്ധിച്ചു ഇപ്രകാരമാണ് പറയുകയുണ്ടായതു്:-അദ്ദേഹത്തിൻെറ പ്രലപനങ്ങളിൽ നിന്നും പ്രവൃത്തികളിൽനിന്നുംഅദ്ദേഹത്തിൻെറ എളിമയും ജ്ഞാനവും ഞങ്ങൾ ഗ്രഹിച്ചു, മുമ്പിലത്തേതിൽ കൂടുതൽ അദ്ദേഹത്തെ അഭിമതിക്കാനും ബഹുമാനിക്കാനും സംഗതിയായി. അദ്ദേഹം മൗനം അവലംബിച്ചിരുന്നുവെങ്കിൽ പലർക്കും അദ്ദേഹത്തെ മനസ്സിലാക്കാൻ സാധിക്കാതെ വന്നേനെ. അദ്ദേഹം തന്നെയാണു കാര്യം മോശമാക്കിയതു് തലേദിവസം ഞാൻ അദ്ദേഹത്തിൻെറ മുറിയിൽചെന്നു അദ്ദേഹത്തെ മാർപ്പാപ്പായായിട്ടു തെരഞ്ഞെടുക്കുന്നപക്ഷം പ്രതിബന്ധം ഒന്നും വാദിക്കാതെ സ്ഥാനം സ്വീകരിക്കാറാകണം എന്നു പറഞ്ഞപ്പോൾ അദ്ദേഹം "ഞാൻ അതിനു പാത്രമല്ല; എന്നെക്കൊണ്ടു അതു സാധിക്കുകയുമില്ല; ഞാനില്ല; ഞാൻ മരിച്ചുപോയിരിക്കുകയാണു എന്നു കണക്കാക്കി പ്രവർത്തിച്ചാൽമതി" എന്നു അദ്ദേഹം എന്നോടു പറയുകയുണ്ടായി

ഒടുവിൽ അദ്ദേഹത്തിൻെറ ഉററ സ്നേഹിതന്മാരായ ഫെ്രാരി, അഗ്ലിയാർദി, സത്തൊളി എന്നീ കർദിനാളന്മാർ അദ്ദേഹത്തിൻെറ പക്കൽ ചെന്നു് അത്യുന്നത ദൈവമഹത്വത്തിന്നായി ഈ ഭാരമേറിയ സ്ലീവായെ വഹിക്കാറാകണം എന്നു അപേക്ഷിച്ചു. അപ്പോൾ അദ്ദേഹം ദീർഘശ്വാസം വിട്ടുകൊണ്ടും ആകാശത്തേയ്ക്കു നേത്രങ്ങളെ ഉയർത്തിക്കൊണ്ടും "ദൈവചിത്തപ്രകാരം ആകട്ടെ; എനിക്കു അയക്കുന്ന കൈപ്പുള്ള പാനപാത്രത്തെ ഞാൻ കുടിച്ചുതന്നെ തീക്കണമല്ലൊ" എന്നാണു പറകയുണ്ടായതു് അദ്ദേഹം മാർപ്പാപ്പായായി നിയമിത

നായിരിക്കുന്നുവെന്നു ലോകം അറിഞ്ഞപ്പോൾ അത്യന്തം ആശ്ചര്യപ്പെട്ടു. അദ്ദേഹത്തിൻെറ പേർപോലും പലരും കേട്ടിട്ടുണ്ടായിരുന്നില്ല. മാന്തുവായിലും വെനീസിലും സമീപസ്ഥലങ്ങളിലും മാത്രമെ അദ്ദേഹം അറിയപ്പെട്ടിരുന്നുള്ളൂ. സാമോപായങ്ങളും അദ്ദേഹത്തിനു അറത്തുകൂടായിരുന്നു അദ്ദേഹത്തിൻെറ കുടുംബവും പ്രാബല്യമുള്ള ഒന്നല്ലായിരുന്നു. പിന്നെ എങ്ങനെയാണു ലോകം അദ്ദേഹത്തെ അറിയുന്നതു്. ഇതു സംബന്ധിച്ച് ഒരു പ്രഖ്യാതനായ പത്രാധിപർ പ്രസ്താവിക്കയുണ്ടായതു്, ഈ ലോകത്താവിൻെറ ആദ്യശിഷ്യൻ ഒരു മുക്കുവനായിരുന്നു ഇന്നു നിയമിതനായിരിക്കുന്ന അവിടത്തെ പ്രതിനിധി ഒരു എളിയ തൊഴിൽക്കാരൻെറ പുത്രനാണ്. ഇതിനാൽ തിരുസഭയുടെ നടത്തിപ്പു മൺപാത്രങ്ങളായ മനുഷ്യരുടെ ശക്തിയാലല്ല, സർവ്വശക്തനായ ദൈവത്തിൻെറ പരിപാലനയാലാണു് നിർവ്വഹിക്കപ്പെടുന്നതു എന്നു നാം ഗ്രഹിക്കാറാകുന്നു എന്നാണു്.

പീയൂസ് ദശമൻ ഇത്താലിയായിലെ നന്ദാവനം എന്ന സുപ്രസിദ്ധമായ വെനീസ് പ്രദേശത്തിലെ ഒരു പ്രധാന പട്ടണമായ അസൊലൊയ്ക്കു സമീപെയുള്ള റിയെസെ എന്ന ചിറ്റൂരിൽ 1835—ൽ ജനിച്ചു. ഈ ദേശം ആൽപ്സ് പർവ്വതനിരകളിൽ നിന്നൊഴുകുന്ന വെള്ളം കൊണ്ടുവന്നു ചാടിക്കുന്ന ചേറും ചെളിയുംകൊണ്ടു വൃത്തിഹീനമായി ഭവിക്കുന്നതിനാൽ മഹാ കഷ്ടപ്പെട്ടു വേണം ആ സ്ഥലനിവാസികൾ ഉപജീവനമാർഗ്ഗങ്ങൾ തേടാൻ. ഇത്തരം അഹോവൃത്തി കഴിച്ചുകൂട്ടേണ്ട വേലക്കാരുടെ ഗണത്തിലാണു പീയൂസ് ദശമൻ ജനിച്ചതു്. ഇദ്ദേഹത്തിൻെറ പിതാവു സ്ഥലത്തെ ഒരു പ്രമുഖനായിരുന്നുവെങ്കിലും വേലചെയ്തു നിത്യവൃത്തി കഴിച്ചുവന്നു അമ്മയും താഴ്ന്ന സ്ഥിതിക്കാരിയും തയ്യൽ പരിശീലി

ച്ചിട്ടുള്ളവളും ആയിരുന്നു. ഇവർക്കുണ്ടായിരുന്ന എട്ടു സന്താ
നങ്ങളിൽ ഒരുവനാണു ജോസേപ്പ് സാർത്തോ അദ്ദേഹ
ത്തിന്റെ ജ്യേഷ്ഠൻ മന്തുവാ പട്ടണത്തിലെ തപാലാഫീ
സിലെ മേധാവിയായിരുന്നു. ശേഷമെല്ലാവരും സ്ത്രീസ
ന്താനങ്ങളായിരുന്നു ഇവരിൽ മൂന്നുപേർ വിവാഹം കഴി
ച്ചു ശേഷം മൂന്നുപേരും തങ്ങളുടെ സഹോദരനായ
ജോസേപ്പിനു വേണ്ടതൊക്കെയും സംഭരിച്ചുകൊടുക്കുന്ന
തിൽ ബദ്ധശ്രദ്ധകളായും അവിവാഹിതകളായും കാലം
കഴിച്ചുകൂട്ടിവന്നു. (1) ജോസേപ്പ് മാർപ്പാപ്പായായ ശേഷ
വും സ്വന്ത താഴ്ന്നഅവസ്ഥയെ വിസ്മരിക്കാതെഅവരെ
മേശയ്ക്കു (ഊണിനു) വിളിച്ചു സമീപെ തന്നെ ഇരുത്തുക
പതിവായിരുന്നു ചെറുപ്പത്തിൽതന്നെ ജോസേപ്പു,
ബുദ്ധിമാനും സുശീലനും ആയിരുന്നു. മാതാപിതാക്കന്മാർ
ഓരോ കാര്യങ്ങൾക്കായും കാലികളെ അടിച്ചുകൊണ്ടു
വരുന്നതിനും മററുമായി അവനെ അയക്കുമ്പോൾ അവി
ടത്തെ ബഹുമാനപ്പെട്ട വികാരിയച്ചൻ അവന്റെ അട
ക്കമൊതുക്കവും യുക്തിയും സാമർത്ഥ്യവും കണ്ടു അവനെ
മുറിയിൽ വിളിച്ചു ദിവ്യപൂജാമന്ത്രങ്ങൾ പഠിപ്പിക്കുകയും
അനന്തരം അത്തരക്കാരുടെ നായകനാക്കുകയും ചെയ്തു
അതിന്റെശേഷം ആ വൈദികന്റെ ഉത്സാഹത്തിലും
സഹായത്തോടെയും ആ ദിക്കിലുണ്ടായിരുന്ന പള്ളിക്കൂട
ത്തിലാക്കി. അവിടെ അക്ഷരാഭ്യാസം നല്ലവണ്ണം പരി
ശീലിച്ചുശേഷം കസ്റ്റൽഫ്രാങ്കോയിലുള്ള കലാശാലയി
ലേയ്ക്കു അയക്കപ്പെട്ടു അപ്പോൾ അവനു പന്ത്രണ്ടുവയ

---

(1) യൂറോപ്യൻ ദേശങ്ങളിൽ ഒരുവൻ വൈദികാന്തസ്സിൽ പ്ര
വേശിക്കുന്നപക്ഷം അദ്ദേഹത്തിന്റെ ഒരു സഹോദരിയെങ്കിലും ഭക്ഷ
ണസാധനങ്ങളും മററും സംഭരിച്ചും പാകംചെയ്തും കൊടുക്കുന്ന
തിനും മററുമായി അവിവാഹിതയായി വർത്തിക്ക സാധാരണയാണ്.

സ്സു മാത്രമേ പ്രായമുണ്ടായിരുന്നുള്ളു. ആ ബാലൻ താൻ ധരിച്ചിരുന്ന പാദരക്ഷകൾക്കു കേടുപററാതിരിക്കാൻ അവ ഒരു ഭാണ്ഡമായി കെട്ടി പുറത്തിട്ടും ഉച്ചഭക്ഷണത്തിനായി ഒരു കഷണം അപ്പം പോക്കററിലാക്കിയും കാലത്തും വൈകിട്ടും വെറുംകാലായി നടന്നുപോകുകയും വരുകയും ചെയ്തിരുന്നു ഇങ്ങനെ കഷ്ടപ്പെട്ടു 1850 വരെ പഠിച്ച് പരീക്ഷകളിലെല്ലാം ഒന്നാമനായി വിജയിയായി.

അക്കാലങ്ങളിൽ വെനീസിലെ പാത്രിയക്കീസായിരുന്ന മോനിക്കൊ കർദ്ദിനാളിൻെറ ഉത്സാഹത്തിൽ പാദുവാ പട്ടണത്തിലുള്ള സർവ്വകലാശാലയിൽ വൈദിക വിദ്യാത്ഥിക്കായി സ്ഥാപിച്ചിരുന്ന വേതനം ജോസപ്പ് സാത്തോയ്ക്കു ലഭിക്കുകയാൽ തത്വശാസ്ത്രവും മററു പല കലകളും സ്തുത്യർഹമാം വണ്ണം അവിടെ പരിശീലിച്ചു. അവിടെ താമസിച്ചിരുന്ന കാലങ്ങളിൽ അദ്ദേഹം എല്ലാവരുടേയും ഒരു പ്രേമപാത്രമായിരുന്നു. ക്ലാസിൽ ഒന്നാമനായിരുന്നു എന്നുമാത്രമല്ല, കളികളിലും മഹാസമത്ഥനമായിരുന്നു തപഃകാലത്തിനുമുമ്പുള്ള വിനോദ ദിവസങ്ങളിൽ വേഷധരന്നനായി എല്ലാവരേയും അത്യധികം രസിപ്പിക്കത്തക്കവണ്ണം വത്തിച്ചുവന്നു അതിനോട്ടുകൂടി സംഗീതകല നല്ലവണ്ണം പരിശീലിക്കുകയും അതിലേ വിദഗ്ധന്മാരെ ആദരിക്കുകയും ചെയ്തുവന്നു. അദ്ദേഹത്തിൻെറ പതിനെട്ടാം വയസ്സിൽ പാട്ടുകുർബ്ബാനയുടെ ഒരു നവരാഗം നിർമ്മിച്ചു തൻെറ ഉപകാരിയായ ബഹുമാനപ്പെട്ട വികാരിയച്ചനു സമപ്പിക്കയുണ്ടായി. സംഗീതത്തിൽ അദ്ദേഹം പ്രാപിച്ച വിദഗ്ധത നിമിത്തം അവിടങ്ങളിലുള്ള ഗായകന്മാരുടെ നായകനായി നിയമിക്കപ്പെട്ടു

1851-ൽ ആദ്യപട്ടംമററു 185൪-ാം സംവത്സരം സെപ്റ്റംബർമാസം 1൪-ാനു കുർബ്ബാനപ്പട്ടവും വരിച്ചു പററേദിവസംതന്നെ സ്വന്ത ഇടവകയിൽ ചെന്നു ബന്ധുമിത്രാദികളെ ആനന്ദസാഗരത്തിൽ നിമഗ്നരാക്കത്തക്കവണ്ണം ഒരു പാട്ടുകുർബ്ബാനപാടി ഇതിൻെറ സ്മാരകമായി റയേസെ പട്ടണത്തിൽ ഒരു പീഠം പണിയിച്ച് അതിന്മേൽ ദൈവമാതാവിൻെറ ഒരു സ്വരൂപം സ്ഥാപിതമായിട്ടുണ്ട്. ഏറെ താമസിയാതെ തന്നെ സാത്തോ അച്ചൻ പാദുവായ്ക്കു സമീപേയുള്ള തൊമ്പൊളിപള്ളിയിലെ വികാരിയുടെ സഹായക്കാരനായി നിയമിക്കപ്പെട്ടു. ആയിടവകയിലെ ഭൂരിപക്ഷമാളുകളും ആട്ടിടയന്മാരും ഭക്തന്മാരും ആണ് പക്ഷെ അവർ മദ്യംസേവിക്കുന്നതിലും ദൈവനാമം വൃഥാ ഉപയോഗിക്കുന്നതിലും വല്ലാതെ തഴങ്ങിപ്പോയവരായിരുന്നു സാത്തോ അച്ചൻ ഈ രണ്ടു ദുർഗ്ഗുണങ്ങളിൽനിന്നു അവരെ ഉദ്ധരിക്കുന്നതിനു ഉദ്യമിക്കുകയും അതു ഏറെക്കുറെ സാധിക്കുകയും ചെയ്തു. ഇതുസംബന്ധിച്ചു അവിടത്തെ വികാരി അച്ചൻെറ വേലക്കാരൻ പിന്നീടു ഒരു അവസരത്തിൽ പറയുകയുണ്ടായായതു് "അദ്ദേഹം ആദ്യമായി ഇവിടെവന്നപ്പോൾ സാമർത്ഥ്യം തെല്ലുപോലും ഇല്ലാത്ത ഒരു ദേവാലയശുശ്രൂഷിയെപ്പോലെയാണ് ഞങ്ങൾക്കു തോന്നിപ്പോയതു്. പക്ഷേ പിന്നീടുള്ള അദ്ദേഹത്തിൻെറ പ്രവൃത്തികൊണ്ടു ഒട്ടും കുറഞ്ഞ ഒരു ആളല്ലായെന്നു് പ്രത്യക്ഷപ്പെട്ടു." എന്നാണ് തൊമ്പൊളിൽ വച്ച് പിന്നീട് അദ്ദേഹത്തിൽ പ്രശോഭിച്ച സദ്ഗുണങ്ങൾ പുഷ്പിക്കാൻ തുടങ്ങി അവിടത്തെ വികാരിയച്ചൻ തൻെറ ഒരു സ്നേഹിതനു എഴുതിയ എഴുത്തിൽ ഇങ്ങനെ പ്രസ്താവിച്ചുകാണുന്നു. "ഇടവകഭരണം പരിശീലിക്കുന്നതിനായയാട്ടാണ് സാത്തോ അച്ചനെ മെത്രാനച്ചൻ ഇങ്ങോട്ടു അയ

ച്ചതു്. എന്നാൽ അദ്ദേഹത്തിൽനിന്നു പല പാഠങ്ങളും ഞാൻ പഠിക്കേണ്ടതായിവന്നു. അവയിൽ പ്രധാനങ്ങളായവ അദ്ദേഹത്തിൽ വിശേഷവിധിയായി പ്രശോഭിച്ചിരുന്ന ദൈവശുശ്രൂഷാന്തിയും വിവേകവുമാണു്. അദ്ദേഹം ഒരു മെത്രാനായി ഉയർത്തപ്പെട്ടും എന്നുള്ളതു നിശ്ചയം തന്നെയാണു്." അദ്ദേഹം രാത്രിയിൽ നാലുമണിക്കൂറു മാത്രമെ നിദ്രചെയ്തിരുന്നുള്ളു. അദ്ദേഹത്തിന്റെ വികാരി ഒരു രോഗിയായിരുന്നു. തന്നിമിത്തം പലപ്പോഴും ശയ്യാവലംബിയായിരുന്നതിനാൽ ജോലിയെല്ലാം പ്രത്യേകം തിരുനാൾ ദിവസങ്ങളിലേതെല്ലാം സാർത്താ അച്ചൻ തന്നെ നിർവ്വഹിക്കേണ്ടതായിവരും. എന്നാലും യാതൊരു മടിയോ ക്ഷീണഭാവമോ കാണിച്ചിരുന്നില്ല. അദ്ദേഹം മഹാ ദീനാനുകമ്പയുള്ളവനായിരുന്നതിനാൽ കിട്ടുന്ന കാശെല്ലാം സാധുക്കൾക്കു കൊടുത്തുവന്നു. ഇതറിഞ്ഞ വികാരിയച്ചൻ, അഗതികളായ മാതാപിതാക്കന്മാരുടെ സഹായാർത്ഥം കുറച്ചെങ്കിലും കരുതേണ്ടതല്ലയൊ എന്നൊരിക്കൽ പറയുകയുണ്ടായി. അപ്പോൾ സാർത്തായച്ചൻ "അവരെക്കാൾ ഇവരാണു് കൂടുതൽ ആവശ്യക്കാർ" എന്നാണു് പറഞ്ഞതു്. ഈവിധ സദ്ഗുണസമ്പന്നനായ അദ്ദേഹത്തെ ഉയർന്ന ഉദ്യോഗങ്ങളിൽ ഏതിലെങ്കിലും ആക്കേണ്ടതാണു് എന്നു അന്തോനിയച്ചൻ (വികാരി) മേലധികാരിയെ ബോധിപ്പിക്കുകയുണ്ടായി. അദ്ദേഹം ചില പരീക്ഷകൾ നടത്തിയശേഷം 1864—ൽ സാർത്തായച്ചനെ സലോന്‍സിലെ വികാരിയായി നിയമിച്ചു. ഈ ഉദ്യോഗത്തിൽ അദ്ദേഹം മുമ്പിലത്തേക്കാൾ കൂടുതൽ ശോഭിക്കുകയാണുണ്ടായതു്. ഇവിടെ വികാരിയായിരിക്കയിൽ അവിടെ ഉണ്ടായ ക്ഷാമനിവാരണാർത്ഥം തന്നാൽ കഴിയുന്നതെല്ലാം ചെയ്യുകയും ഇങ്ങെയററം തന്റെ കുതിരയെക്കൂടി വിററു

അവരെ സഹായിക്കുകയും ചെയ്തു 1873—ൽ ക്രനിമ്മേൽ കുരുവെന്നൊന്നം അവിടങ്ങളിൽ ഒരു മഹാമാരി പടർന്നുപിടിച്ചു ഇതിൽ സാത്തോയച്ചൻ ഒരു വൈദ്യൻെറയും വൈദികൻെറയും ഒരു പിതാവിൻെറയും ദാസൻെറയും ജോലികൾ നിർവ്വഹിക്കയുണ്ടായി.

1875—ൽ ത്രവിസ് രൂപതയിലെ ചാൻസലറും കാനനും സെമ്മിനാരിയിലെ ആദ്ധ്യാത്മിക കാര്യദർശിയും എന്നീ മൂന്നു ജോലികളും സാത്തോയച്ചൻ നിർവ്വഹിക്കണമെന്നു അവിടത്തെ മെത്രാനച്ചൻ കല്പിക്കയുണ്ടായി. ആ കല്പനാനുസൃതം അദ്ദേഹം സലോൻസൊ വിട്ടു ത്രവിസിൽചെന്നു അവിടത്തെ സെമ്മനാരിയിൽ താമസംതുടങ്ങി ആ കാലങ്ങളിൽ വിദ്യാർത്ഥികളുടെ ആദ്ധ്യാത്മിക കാര്യങ്ങൾ മാത്രമല്ല അദ്ദേഹം പരാമർശിച്ചുവന്നതു സാധുക്കളായ വിദ്യാർത്ഥികൾക്കു ശീതകാലങ്ങളിൽ ആവശ്യപ്പെട്ടിരുന്ന കട്ടികൂടിയ രോമച്ചട്ടകളും മറ്റും സ്വന്തപണംകൊടുത്തു വാങ്ങിക്കൊടുത്തുവന്നു വിദ്യാർത്ഥികളെ മാത്രമല്ല ഇങ്ങനെ സഹായിച്ചിരുന്നതു്. തൻെറ സഹായം ആവശ്യപ്പെടുന്ന എല്ലാവരേയും യഥാവിധി സഹായിച്ചിരുന്നു

1879—ൽ ത്രവിസിലെ മെത്രാൻ കാലഗതി പ്രാപിച്ചപ്പോൾ സാത്തോയച്ചൻ അവിടത്തെ അഡ്മിനിസ്ട്രേററായി നിയമിക്കപ്പെട്ടു ഈ ഉദ്യോഗം ഉദ്ദേശം ഒരു വർഷത്തോളം നിർവ്വഹിച്ചശേഷം മോൺസിഞ്ഞോർ കല്ലഗാരി അവിടത്തെ മെത്രാനായി അഭിഷിക്തനാകുകയും ഇദ്ദേഹം സാത്തോയച്ചനെ തൻെറ പ്രഥമ ആലോചനക്കാരനായി സ്വീകരിക്കുകയും ഇരുവരും മഹാ ആത്മാർത്ഥ

മായി കഴിഞ്ഞുകൂടുകയും ചെയ്യവേ കല്ലഗാറി മെത്രാനച്ചൻ പാദുവായ്ക്കു മാററപ്പെടുകയും അവിടേയ്ക്കു അദ്രിയായിലെ മെത്രാനായ മോൺസിഞ്ഞോർ അപ്പോലിനെ നിയമിക്കുകയും ചെയ്തു ഈ മെത്രാൻ 1884—ൽ ഇടവക സന്ദർശനാർത്ഥം പുറപ്പെട്ടു, ചില ഇടവകകൾ സന്ദർശിച്ചശേഷം സന്ദർശനം പൂർത്തിയാക്കാതെ തിരിച്ചെത്തി അവിചാരിതനായിരുന്ന സാർത്തോയച്ചനെ വിളിച്ച്, നമ്മളിരുവരേയും സംബന്ധിക്കുന്ന ഒരു കാര്യത്തിനുവേണ്ടി തീക്ഷ്ണതാപൂർവ്വം നമുക്കു പ്രാർത്ഥിക്കാം. എന്നു പറഞ്ഞു് അദ്ദേഹത്തെ കൂട്ടിക്കൊണ്ടു ദിവ്യകാരുണ്യസന്നിധിയിൽ ചെന്നു എത്രതാനും സമയം പ്രാർത്ഥിച്ച ശേഷം മെത്രാനച്ചൻ എഴുതിയ ഒരു കത്തു് സാർത്തോയച്ചന്റെ കയ്യിൽ കൊടുത്തു അതു പൊട്ടിച്ചയുടനെ സാർത്തോയച്ചന്റെ കൈകൾ വിറച്ചുതുടങ്ങി. അദ്ദേഹത്തെ മാന്തുവായിലെ മെത്രാനായി നിയമിച്ചിരിക്കുന്ന "ബൂള" യായിരുന്നു അതു്. ഏതു അദ്ധ്വാനങ്ങളും സസന്തോഷം സഹിച്ചിരുന്ന ആ ധീരാത്മാവു് അതു വായിച്ചപ്പോൾ ഒരു കുഞ്ഞിനെപോലെ കരഞ്ഞുതുടങ്ങി. അപ്പോൾ അപ്പോലിനൊ മെത്രാൻ "ദൈവത്തിൽ ആശ്രയിക്ക; ഇതു തീരെ അശക്തനെയും ശക്തനാക്കാൻ ദൈവത്തിനു സാധിക്കും; ഇതു ദൈവചിത്തമാണെന്നു കരുതി സമാധാനപ്പെടുക" എന്ന സാന്ത്വനവാക്കുകൾ പറഞ്ഞു ആശ്വസിപ്പിക്കാൻ ശ്രമിച്ചിട്ടും സാർത്തോയച്ചന്റെ കരച്ചിലിനു ഒരു കുറവുംഉണ്ടായില്ല തന്നെ ആ ഉന്നതോദ്യോഗത്തിനു തെരഞ്ഞെടുത്തതു ഏതൊതെററിദ്ധാരണകൊണ്ടാണെന്നാണു അദ്ദേഹം വിശ്വസിച്ചിരുന്നതു് ആ മെത്രാനച്ചന്റെ വീണ്ടും വീണ്ടുമുള്ള നിർബ്ബന്ധംകൊണ്ടു ഒടുവിൽ ആ സ്ഥാ

നം സ്വീകരിക്കാമെന്നു അദ്ദേഹം വച്ചു. 1934-ാം കാലം നവംബർ മാസം 3-ാംനു റോമിൽ ചെന്നു മാർപ്പാപ്പായു ടെ പാദങ്ങൾ ചുംബിച്ചു ആശീർവാദം സ്വീകരിച്ചപ്പോൾ, അദ്ദേഹത്തിനു അസാധാരണമായ ഒരു ധൈര്യം സംജാ തമായി. ആ മാസം 16-ാംനു മെത്രാഭിഷേകം സ്വീക രിച്ചു മെത്രാൻ പട്ടം സ്വീകരിച്ചുശേഷം ഏതാനും മാസ ങ്ങൾ ത്രിവിസോയിൽതന്നെ താമസിച്ചു തന്റെ മാതാപി താക്കന്മാരെയും ബന്ധുമിത്രങ്ങളേയും കണ്ടു യാത്രപറ ഞ്ഞു, മന്നുവായിലേക്കു പുറപ്പെട്ടു. അവിടെ സസ ന്തോഷം സ്വീകരിക്കപ്പെടുകയുണ്ടായി. തന്റെ ഒന്നാമത്തെ ഇടയലേഖനത്തിൽ ഇപ്രകാരമാണു് അദ്ദേഹം പ്രസ്താവിക്കയുണ്ടായതു്." നിങ്ങളുടെ ആ ത്മരക്ഷയ്ക്കുവേണ്ടി എന്റെ സർവ്വശക്തിയും പ്രയോ ഗിക്കാൻ ഞാൻ സന്നദ്ധനാണു്. എന്റെ ആശ്രയം ദൈവമാകുന്നു. അവിടന്നാണു, ഏതു അശക്തനെയും ശ ക്തനാക്കിത്തീർക്കുന്നതു്. ഈ ഭാരം ചുമക്കുന്നതിനു ഞാൻ അശക്തനാണെന്നു എനിക്കു അറിയാം എന്നാൽ എന്റെ ബലമെല്ലാം ദൈവമാകുന്നു......മററുള്ളവരുടെ രക്ഷയ്ക്കുവേണ്ടി ഞാൻ കഷ്ടപ്പെടണം, കൊടുങ്കാററുകളോ ടു എതിർക്കണം, തിന്മയോടു പോരാടണം, ഇതിനൊക്കെ ഞാൻ ദൈവത്തെയാണു ആശ്രയിക്കുന്നതു്" എന്നായിരു ന്നു. ഈ വിധ താഴ്മയോടും ദൈവത്തിങ്കലുള്ള മനോ വിശ്വാസത്തോടുംകൂടി നടത്തിയ രൂപതാഭരണം എല്ലാം കൊണ്ടും ശ്ലാഘനീയമായിരുന്നു. ഒന്നാമതായി അദ്ദേഹം ചെയ്തതു, സെമിനാരിയെ നവീകരിക്ക എന്നതായിരുന്നു. ഇതിനുവേണ്ടി തനിക്കുണ്ടായിരുന്ന സ്വത്തു വിററുകൂടി വ്യയംചെയ്തു ഇടവക സന്ദർശനങ്ങളിലുള്ള ആഡംബര സ്വീകരണങ്ങളും ഒരുക്കങ്ങളും മുടക്കി. വേദോപദേശം

താൻതന്നെ പഠിപ്പിച്ചിരുന്നു. പരരെ ദണ്ഡിപ്പിക്കാതിരിക്കാൻ അദ്ദേഹം എപ്പോഴും ശ്രദ്ധാലുവായിരുന്നുവെങ്കിലും, വേദോപദേശപഠനത്തിനു തങ്ങളുടെ കുട്ടികളെ അയക്കാത്ത മാതാപിതാക്കന്മാരെ മാതൃകായോഗ്യമാംവണ്ണം ശിക്ഷിച്ചിരുന്നു 5 മണിക്കു കുർബാന ചൊല്ലത്തക്കവണ്ണം രാവിലെ എഴുന്നേല്ക്കും കുർബാനയും ഉപകാരസ്മരണയും കഴിഞ്ഞു, ഒരു കേപ്പ കപ്പിയും ഒരു കഷണം അപ്പവുംമാത്രം കഴിച്ചുകൊണ്ടു കുമ്പസാരക്കൂട്ടിൽ പ്രവേശിക്കും സന്ദർശകന്മാരെ സ്വീകരിക്കുന്നതിനു ഒരു ക്ലിപ്തസമയം നിശ്ചയിച്ചിട്ടില്ലാതിരുന്നതിനാൽ, ഇടയ്ക്കിടയ്ക്കു തന്റെ ജോലി നിർത്തിയുംവച്ചു, അവരുടെ കാര്യങ്ങൾകേട്ടു ആശ്വസിപ്പിച്ചും ആനന്ദിപ്പിച്ചും അല്ലാതെ വിടുകയില്ല. സായംകാലത്തു നടക്കാൻ ഇറങ്ങും. അപ്പോൾ കാണുന്നവരോടു കുശലപ്രശ്നംചെയ്തു അവരെ സന്തോഷനിമഗ്നന്മാരാക്കിയിരുന്നു അദ്ദേഹം മാന്തുവാ മെത്രാനായിരിക്കുകയിൽ ഒരിക്കൽ ചെയ്ത പ്രസംഗം ശ്രദ്ധാവഹമാണു്. ആ പ്രസംഗത്തിൽ കത്തോലിക്ക മതത്തിനു ശാസ്ത്രത്തെ അശേഷം ഭയമില്ല തർക്കവാദങ്ങൾ കേൾക്കുമ്പോൾ അതു വിറയ്ക്കുന്നില്ല പക്ഷേ അജ്ഞതയെ അതു ഭയപ്പെടുന്നു കത്തോലിക്ക സത്യവിശ്വാസം, ഒന്നുമാത്രമേ ആവശ്യപ്പെടുന്നുള്ളു, അതു പൂർണ്ണമായി അറിയുന്നതിനു മുമ്പു വിധിക്കരുതെന്നു മാത്രമാണു്, എന്നും മററുമാണു് അതിൽ പ്രസ്താവിക്കയുണ്ടായതു്. ഈവിധ തത്വപ്രശംസങ്ങളായ പ്രസംഗങ്ങളിലും ഭരണനൈപുണ്യത്തിലും പ്രശോഭിച്ചിരുന്ന അദ്ദേഹത്തിന്റെ സാമർത്ഥ്യം വെളിക്കു വ്യാപിക്കുകയും മാർപ്പാപ്പാ തിരുമനസ്സിലേക്കു അതു് അ

റിവുകിട്ടുകയും ചെയ്തു മാർപ്പാപ്പാതന്നെ ഒരിക്കൽ കല്പി ക്കുകയുണ്ടായത്ര് "മാന്തുവാക്കാർ അവരുടെ ഈ മെത്രാനെ സ്നേഹിക്കുന്നില്ലെങ്കിൽ മററാരെയും സ്നേഹിക്കുകയില്ല, എന്നാണു്  സമാധാനപ്രിയനും സൽഗുണസ്വഭാവിയുമായിരുന്ന ഈ മെത്രാന്റെ ഭരണകാലത്തു, ഇടക്കിടയ്ക്കു കലഹനമങ്ങളുണ്ടാക്കിക്കൊണ്ടുവന്ന ആ ഇടവക ജനങ്ങൾ സമാധാനപ്രിയരായി ഭവിച്ചു

മെത്രാനായശേഷം അദ്ദേഹത്തിന്റെ ശ്രദ്ധ ആദ്യമായി പതിഞ്ഞതു, സെമ്മിനാരിയുടെ കാര്യമായിരുന്നു എന്നു മുൻ പ്രസ്താവിച്ചിട്ടുണ്ടല്ലോ നല്ല പട്ടക്കാരുടെ അഭാവം സാമുദായികവും രാഷ്ട്രീയവും ആയ കാര്യങ്ങളെ അധഃപതിപ്പിക്കും എന്നു അദ്ദേഹം കണ്ടു, തൽപരിഹാരാർത്ഥം യോഗ്യന്മാരായ യുവാക്കന്മാരെ എടുത്തു, സെമ്മിനാരികളിൽ പരിശീലിപ്പിച്ചു, ഉത്തമവൈദികരാക്കിത്തീർക്കുകയാണു ഭവണ്ടതു് എന്നു്, അദ്ദേഹം തീർച്ചപ്പെടുത്തി പക്ഷെ അതിനു ആവശ്യപ്പെട്ട പണമില്ലായിരുന്നുവെങ്കിലും ദൈവത്തിൽ ആശ്രയിച്ചുകൊണ്ടു അതിനായി ആരംഭിച്ചു. അതിനായി ഒന്നാമതായി അദ്ദേഹം ചെയ്തതു. തനിക്കു പിതൃസ്വത്തായി ലഭിച്ചിരുന്ന നിലം വിററതാണ്. അതു കണ്ടപ്പോൾ ജനങ്ങൾ സഹായിച്ചുതുടങ്ങി. ഇങ്ങനെ അതു സാധിച്ചു.

സാത്തോ, മെത്രാനായി മാന്തുവായിൽ ചെന്നപ്പോൾ, സഭയും രാഷ്ട്രവും തമ്മിൽ അശേഷം യോജിപ്പില്ലാതെയാണു വർത്തിച്ചിരുന്നതു്. ഈ ദുരവസ്ഥ, കാര്യനിർവ്വഹണത്തിനു വിഘാതമായി ഭവിക്കുമെന്നു അദ്ദേഹം കണ്ടു, നഗരാധികാരിക്കു് ഒരു എഴുത്തു എഴുതി സഹകര

ണം ആവശ്യപ്പെട്ട ഇതു രാഷ്ട്രവും സഭയും തമ്മിലുണ്ടാ യിരുന്ന തെററിദ്ധാരണ തീരുന്നതിന പര്യാപ്തമായി ഭവി ച്ച സാമുദായിക കാര്യങ്ങളിൽ അദ്ദേഹം പ്രവേശിക്കുന്ന തു ഗവമ്മേൻറിന തൃപ്തികരമായി വന്നുകൂടി. കൂടാതെയും "മാന്തുവാ പൗരൻ" എന്ന അഭിധാനത്തിൽ, മെത്രാന ച്ചൻ ഒരു പത്രം തുടങ്ങുകയും അതുവഴിയായി ഉഭയകക്ഷി കളും തങ്ങളുടെ കടമകളെ ഗ്രഹിക്കുകയും അവയനുസരി ച്ചു പ്രവത്തിച്ചുവരികയും ചെയ്തു. ഇതോടുകൂടി സാത്തോ മെത്രാനെ അവർ ആദരിക്കാൻ തുടങ്ങി.

ഈവിധ ഗുണസമ്പന്നനായ സാത്തോ മെത്രാനെ ഒഴിവുവന്ന വെനീസിലെ പാത്രിയക്കീസ് സ്ഥാനത്തി ലേയ്ക്കു മാർപ്പാപ്പാ ഉയത്തിയതിൽ ഒട്ടും അതിശയിക്കാ നില്ല മാർപ്പാപ്പായുടെ നിയമനം 1893-ലായിരുന്നു അ തിനോടുകൂടി കർദിനാൾസ്ഥാനവും അദ്ദേഹത്തിന ലബ്ധമായി. പക്ഷെ ഗവമ്മെൻറിൻെറ അനുമതി കിട്ടാഞ്ഞതിനാൽ 16 മാസത്തോളം സാത്തോ കർദിനാ ളിന, തൻെറ അധികാരതൃത്തിയിൽ പ്രവേശിക്കാൻ സാധിച്ചില്ല. ആയിടയ്ക്കു തൻെറ മാതാവിനെയും സ്നേ ഹിതന്മാരെയും ചെന്നു കാണുന്നതിനുള്ള സൌകര്യം അദ്ദേഹത്തിനു സിദ്ധിച്ചു. അനന്തരം ഗവണ്മെൻറനു മതി ലഭിച്ചപ്പോൾ 1894—ൽ വെനീസിൽ ചെന്നുചേ ന്നു. അന്നു രാഷ്ട്രവും സഭയും തമ്മിൽ ഭിന്നിച്ചാണിരു ന്നതു്. മാന്തുവായിൽ എന്നപോലെ ഇവിടെയും സാത്തോ കർദിനാൾ രണ്ടും തമ്മിൽ യോജിപ്പിച്ചു വെനീസിലെ പാത്രിയക്കീസായിരുന്നിട്ടും തൻെറ ജീവിതരീതിയിൽ യാതൊരു ഭേദവും വരുത്തിയില്ല അഗതികളെ സഹായി

ക്കുന്നതിനുവേണ്ടി, തന്റെ തിരുവാഴിക്കൂടിയും പലപ്പോഴും പണയപ്പെടുത്തേണ്ടതായി വന്നിട്ടുണ്ട്. ഒരിക്കൽ ഒരു ധർമ്മസ്ഥാപനത്തിനായി മാന്തുവായിലെ ഒരു വൈദികൻ ഈ പാത്രിയർക്കീസിനോടു ഒരു ധർമ്മസഹായം ആവശ്യപ്പെടുകയുണ്ടായി. പാത്രിയർക്കീസു തന്റെ കൈവശമുണ്ടായിരുന്ന ഒരു നിസ്സാര തുക അയച്ചുകൊടുത്തുകൊണ്ട്, "മാന്തുവായിൽ ഞാൻ നിർധനനായിരുന്നു, ഇവിടെ ഞാൻ ഒരു ഭിക്ഷുവായിത്തീർന്നിരിക്കുകയാണ്" എന്നു എഴുതുകയുണ്ടായി. സാർത്തോ കർദിനാൾ പാത്രിയർക്കീസായിരിക്കയിൽ അനാഡംബരനായി തന്റെ രൂപതയിലെ പള്ളികളെയെല്ലാം സന്ദർശിച്ചു, ആർക്കും എന്തും ബോധിപ്പിക്കാനുള്ള സ്വാതന്ത്ര്യം കൊടുത്തിരുന്നു യാതൊരു ബുദ്ധിമുട്ടും കൂട്ടാക്കിയിരുന്നില്ല. തന്നിമിത്തം ജനങ്ങൾ ആ ഉത്തമ പാത്രിയർക്കീസ് ദീർഘകാലം തങ്ങളെ ഭരിക്കുവാനുള്ള ഭാഗ്യം സിദ്ധിക്കുവാൻ ആശിച്ച് അദ്ദേഹത്തിന്റെ ശരീരത്തെ തെല്ലു സൂക്ഷിച്ചിരുന്നുവെങ്കിൽ നന്നായിരുന്നു എന്നു പറയുമായിരുന്നു. ഈ പാത്രിയർക്കീസിന്റെ ഉത്സാഹത്തിൽ 1898-ൽ അവിടെ മൂന്നു ദിവസത്തെ ഒരു ദിവ്യകാരുണ്യസംഘം നടത്തി, അതിനു ഒരുക്കമായി മിക്ക പള്ളികളിലും മുഴുവൻധ്യാനവും ഉപദേശങ്ങളും ഉണ്ടായിരുന്നു. ഇതിൽ എല്ലാ പള്ളിക്കാരും ഭാഗവാക്കുകളാകുകയുണ്ടായി. അലങ്കോലമായി കിടന്ന ദേവാലയഗീതങ്ങൾ, ഭക്തിസംഘങ്ങളും ദേവാരാധനയോഗ്യങ്ങളുമാക്കിത്തീർക്കാൻ അദ്ദേഹം പ്രയാസപ്പെടുകയും അതു സാധിക്കുകയും ചെയ്തു. അവിടെയുള്ള ദരിദ്രരുടെ സംരക്ഷണാർത്ഥം കരകൗശലശാലകൾ ഏർപ്പെടുത്തുകയും അവരുടെ സഹായാർത്ഥം സ്വന്ത കുരിശുരൂപംകൂടി

വില്ക്കുകയും ചെയ്യുകയുണ്ടായി. 1902-ാം കാലം ജൂലായിമാസത്തിൽ വി. മർക്കോസിൻെറ ദേവാലയത്തിലെ മണിമാളിക, പള്ളിക്കാകട്ടെ മനുഷ്യർക്കാകട്ടെ യാതൊരു കേടും വരുത്താതെ നിലംപതിച്ചു. ഉടൻ അതു പണിയാൻ തീർച്ചപ്പെടുത്തി ഇത്താലിയായിൽനിന്നും അന്യദേശങ്ങളിൽനിന്നും പണം ശേഖരിച്ച് 1903-ാം വർഷം ഏപ്രിൽ മാസത്തിൽ അതിനു അസ്ഥിവാരമിട്ടു.

അദ്ദേഹം ഒരു കർദിനാളും പാത്രിയർക്കീസുമായിരുന്നുവെങ്കിലും ഒരു സാധാരണ പട്ടക്കാരൻ ചെയ്യാറുള്ള ജോലികളെല്ലാംതന്നെ അദ്ദേഹം ചെയ്തിരുന്നു. അദ്ദേഹത്തെ കാണാൻവന്ന ഒരു പട്ടക്കാരൻ തീവണ്ടിസമയം ഒപ്പിച്ചു പോകുവാൻവേണ്ടി രാവിലെ കുർബ്ബാന ചൊല്ലുന്നതിനു അനുമതി ചോദിച്ചു കർദിനാൾ അതു അനുവദിച്ചു ആ പട്ടക്കാരൻ രാവിലെ കുർബ്ബാനചൊല്ലാൻ ചെന്നപ്പോൾ, കർദിനാൾതന്നെ എല്ലാമൊരുക്കി സഹായിയായി കുർബ്ബാനയ്ക്കു കൂടാൻ സന്നദ്ധനായിരിക്കുന്നതു കണ്ടു അദ്ദേഹം ഭ്രമിച്ചു. അപ്പോൾ കർദിനാൾ, ഒരു കർദിനാളിനു കുർബ്ബാന സഹായമന്ത്രങ്ങൾ അറിഞ്ഞുകൂടായെന്നാണൊ നിങ്ങൾ വിചാരിക്കുന്നതു്, എന്നു പറഞ്ഞു അദ്ദേഹം സഹായിക്കതന്നെ ചെയ്തു. കർദിനാൾ സ്ഥാനത്തിനു യോഗ്യമായ ആചാരോപചാരങ്ങളെ വർജ്ജിക്കുവാൻവേണ്ടി തൻെറ സ്ഥാനചിഹ്നങ്ങളെ ത്യജിച്ചു വെറും പട്ടക്കാരൻെറ വേഷത്തിലാണു പലപ്പോഴും നടന്നിരുന്നതു്. ഇങ്ങനെ അനാഡംബരനായി തൻെറ കാലം കഴിച്ചുകൂട്ടാനാണ് അദ്ദേഹം കരുതിയിരുന്നതു്. പക്ഷെ ദൈവം അന്യഥാ ചിത്തമായി, അദ്ദേഹത്തെ പത്രോസിൻെറ സിംഹാസനത്തിലേയ്ക്കും തദ്വാരാ സർവ്വ ലോകത്തിൻെറയും ദൃഷ്ടി പതിയത്തക്കവണ്ണവും ഉയർത്തുകയാണ് ചെയ്തതു്.

ഈ അത്യുന്നത സ്ഥാനത്തിലിരുന്ന പൈതൃകമഹാമനസ്കതയോടെയും സ്നേഹത്തോടെയും "മ്ശിഹായിൽ സകലവും നവീകരിക്ക" എന്ന തന്റെ മുദ്രാവാക്യം ലക്കാക്കി 11 സംവത്സരം സ്തുത്യർഹമാംവണ്ണം സഭയെ ഭരിച്ചു. രാഷ്ട്രവിഷയങ്ങളിൽ തന്റെ പുരോഗാമികളുടെ നയത്തേയും നിലയേയും തന്നെയാണ് പാലിച്ചിരുന്നതെങ്കിലും പൊതുഗുണത്തേയും സഭയുടെ പുരോഗതിയേയും ഉദ്ദേശിച്ചു, കത്തോലിക്കരാരും, രാജ്യഭരണാധികൃതന്മാരുടെ തെരഞ്ഞെടുപ്പിലും മററു രാഷ്ട്രകാര്യങ്ങളിലും വോട്ടുചെയ്യുകയൊ ഭാഗഭാക്കുകളാകുകയൊ ചെയ്യരുതായെന്നുള്ള തന്റെ പൂർവ്വഗാമികളുടെ നിർദ്ദേശത്തെ ഭേദപ്പെടുത്തി, ആ വകകളിൽ വോട്ടുചെയ്യുവാനും സ്ഥാനാർത്ഥികളായി നില്ക്കുവാനുമുള്ള അനുമതി കൊടുക്കുകയുണ്ടായി. ആ തിരുമേനി സഭയുടെ സ്വാതന്ത്ര്യത്തെ ഉല്ലംഘിച്ചുകൊണ്ടുള്ള, ഫ്റഞ്ചു ഗവർമെൻറിന്റെ ആക്രമണങ്ങളെ ഭവിഷ്യങ്ങളെ ഒന്നും ഗണ്യംവയ്ക്കാതെ ദുഃഖത്തോടെയെങ്കിലും സധൈര്യം ആക്ഷേപിച്ചു തിരസ്കരിച്ചു തന്നിമിത്തം ആ ഗവമ്മെൻറു വൈദികരെയും സന്യാസികളെയും ഒട്ടധികം ഞെരുക്കുകയും, തിരുസിംഹാസനത്തോടുള്ള ഉടമ്പടി ലജ്ജാവഹം ലംഘിക്കുകയും അതിനോടുള്ള ബന്ധം വിടുത്തുകയും ചെയ്തു. ഇത്താലിയായും, എസ്പാന്യായും, പോത്തുഗാലും ഏറെക്കുറെ ഈവിധത്തിലാണ് ആ മാപ്പാപ്പായോടു വർത്തിക്കുകയുണ്ടായതു്. ഇവയൊന്നും വിശ്വാസത്തിന്റെ നിർമ്മലതയെ പാലിക്കുന്നതിലും മതാഭിവൃദ്ധിക്കു വേണ്ടവ പ്രവൎത്തിക്കുന്നതിലും ആവശ്യമായ നിർദേശങ്ങൾ നൽകുന്നതിലും ചാക്രിയലേഖനങ്ങൾ പ്രസിദ്ധം ചെയ്യുന്നതിലും നിന്നു പീയൂസ് ദശമനെ പിൻതിരിക്കുകയുണ്ടായില്ല. കൂടാതെയും കാലഗതിയിൽ അനാവശ്യമായിതീൎന്ന നിയമങ്ങളെ മാററിയും ആധുനിക കാലത്തിനു യോജിക്കുന്നതായ സഭാനിയമങ്ങളെ നിർമ്മിച്ചും, ഒരു നവ

നിയമസംഹിത സൃഷ്ടിക്കുന്നതിന് ഒരു കമ്മീഷനെ നിശ്ചയിക്കുകയും, പ്രതിദിനദിവ്യകാരുണ്യസ്വീകരണത്തെ പ്രോത്സാഹിപ്പിക്കുന്നതും അതിന്നു ആവശ്യമായ ആത്മാവസ്ഥയും, പ്രായസ്ഥിതിയും തീർച്ചപ്പെടുത്തുന്നതുമായ തിരുവെഴുത്തുകൾ പ്രസിദ്ധം ചെയ്യുകയും ചെയ്തു. തിരുസഭയിലെ സ്ഥാനമാനങ്ങൾക്കു പ്രത്യേക ചില യോഗ്യതകൾ വേണമെന്നു തീർച്ചപ്പെടുത്തുകയുണ്ടായി. മാർപ്പാപ്പാമാരുടെ തിരഞ്ഞെടുപ്പിൽ, ഇന്നാവരെ പാടില്ല എന്നു വാദിക്കാൻ ചില രാജ്യാധികാരികൾക്കു പൂർവ്വംമുതല്ക്കു നൽകപ്പെട്ടിരുന്ന അവകാശം നിർത്തൽചെയ്തു. റോമാ കച്ചേരിയിലെ കാര്യങ്ങൾക്കും ഉദ്യോഗങ്ങൾക്കും ചില വ്യവസ്ഥകൾ വരുത്തി. പെരു ദേശത്തെ റബർ വ്യാപാരികൾ അവിടത്തെ ഇന്ത്യാക്കാരോടു പ്രവർത്തിച്ചിരുന്ന അന്യായക്രമങ്ങൾ നിർത്തൽ ചെയ്തു. വേദപുസ്തകജ്ഞാനം പുരസ്കരിക്കുന്നതിന്നു ഒരു സ്ഥാപനം നിർമ്മിക്കുകയും അതിൽ ബിരുദ നൽകുവാനുള്ള അധികാരത്തോടെ ഒരു നവപ്രസ്ഥാനം സൃഷ്ടിക്കുകയും വേദപുസ്തക തർജ്ജമകളിലും പകർപ്പിലും വന്നുകൂടിയിട്ടുള്ള അബദ്ധങ്ങളെ പരിഹരിക്കുന്നതിന്നു, ഒരു കമ്മററിയെ നിശ്ചയിക്കുകയും ചെയ്തു എന്നാൽ ഈ മാർപ്പാപ്പായുടെ ഭരണകാലത്തു ചെയ്തിട്ടുള്ള കാര്യങ്ങളിൽ സർവ്വപ്രധാനമായിട്ടുള്ളതു, എല്ലാ പൂർവ്വപാഷണ്ഡോപദേശങ്ങളും സംഗ്രഹിച്ചുകൊണ്ടും അന്യ വേഷത്തിലും പ്രത്യക്ഷപ്പെട്ട "ആധുനികവാദ" സിദ്ധാന്തങ്ങളെ വെളിവാക്കിയും അതിനെ ഖണ്ഡിച്ചു, അതിനെ അമർച്ച ചെയ്യുന്നതിന്നു ഉപയുക്തങ്ങളായ മാർഗ്ഗങ്ങളെ നിർദ്ദേശിച്ചും 1907—ൽ "Pascendi dominici gregis" കർ

ത്താവിൻെറ അജഗണത്തെ പോഷിപ്പിക്കുന്നതിനു്, എന്നു ആരംഭിക്കുന്ന തിരുവെഴുത്താണു്. ഇതിൽ, സെ്കൽ മുള്ളർ, ലൂയിസി, ലബെത്തോനിയെർ, ഫൊഗസ്സാറൊ, ഈശോസഭാഭ്രഷ്ടരായ റെററൽ, ബത്തോലി (Schell; Muller Loisy, Laberthoniero, Fogazzaro, Tyrell Bartoliex Jesuits) മുതലായവർ അവരുടെ കൃതികളിൽ അവ്യക്തമായി പ്രബോധിപ്പിച്ച 65 അബദ്ധപ്രമേയങ്ങളെ കണ്ടുപിടിച്ചു ഖണ്ഡിച്ചിട്ടുണ്ടു്. കൂടാതെ സമഷ്ടിവാദത്തെ ഖണ്ഡിച്ചും, വെനീസിലെ പാത്രിയക്കീസായിരുന്നപ്പോൾ അവിടെ ദേവാലയഗീതത്തിൽ വരുത്തിയ സംസ്കാരത്തെ എല്ലാ ദേവാലയങ്ങളിൽ നടപ്പാക്കാൻ ഉദ്ദേശിച്ചും തിരുലേഖനങ്ങൾ പ്രസിദ്ധം ചെയ്യുകയുണ്ടായി. ഇങ്ങനെ, രാഷ്ട്രസംബന്ധമായ കാര്യങ്ങളിൽ ചില വിഷമങ്ങൾ പീയൂസ് ദശമൻ സഹിക്കേണ്ടിവന്നുവെങ്കിലും, അദ്ധ്യാത്മികവിഷയങ്ങളിൽ, സഭയെ പരിപോഷിപ്പിച്ചുകൊണ്ടുവരികയിലാണു, 1914-ൽ മഹായുദ്ധം തുടങ്ങിയതു്. തൻെറ മക്കൾ തമ്മിൽത്തല്ലി തലകീറി നശിക്കാൻ പോകുന്നതു് കണ്ടിട്ടുള്ള ദുഃഖത്താൽ പീയൂസ് ദശമൻ ഓഗസ്റ്റ് മാസം 20-ാംനു- പുണ്യസമ്പന്നനായി കാലംചെയ്തു. തന്നിമിത്തം ആ തിരുമേനിയുടെ പ്രേതകുടീരത്തെ ഒരു പരിശുദ്ധൻെറതുപോലെ, റോമാ ജനതതി സാദരം വണങ്ങിവരികയും, നാനാദേശങ്ങളിലും നിന്നും അദ്ദേഹത്തെ സിദ്ധനായി നാമകരണം ചെയ്യുന്നതിനുള്ള അഭ്യർത്ഥന വർത്തിക്കാനിലേക്കു വന്നുകൊണ്ടിരിക്കയും ചെയ്യുന്നു.

# അനുബന്ധം.

## പത്താംപീയൂസ മാർപ്പാപ്പായും കുന്നുംശേരിമാർ തൊമ്മാമെത്രാനും.

മാർളൂയീസ് മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു 1905-ഏപ്രിൽ റോമിനു പോയിരുന്ന അവസരത്തിൽ സെക്രട്ടറിയായി ഫാദർ തോമസ് കുന്നുംശ്ശേരിയെ കൂടെ കൊണ്ടുപോയിരുന്നു പ്രീയോർ ജനറാൾ പെ ബ ചാണ്ടി ച്ചനും, സുറിയാനിഭാഷ പ്രൊഫസർ കളപ്പുരയ്ക്കൽ ബ: അന്ത്രോയോസച്ചനും കൂടെ ഉണ്ടായിരുന്നു. റോമിൽ എ ത്തിയശേഷം ഇവരൊന്നിച്ചു പത്താംപീയൂസ് തിരുമേ നിയെ സന്ദർശിച്ചു തൃപ്പാദചുംബനംചെയ്തു. സംഭാഷണ വസരത്തിൽ തിരുമനി, ബ തൊമ്മച്ചനോട് തനിക്ക് എത്ര വയസ്സുണ്ടെന്നു കല്പിച്ചുചോദിച്ചു. വയസ്സിൻെറ സംഖ്യ ഉണത്തിച്ചപ്പോൾ, വയസ്സിനു അനുസരിച്ചുള്ള വലിപ്പമില്ലെന്നുള്ള അത്ഥത്തിൽ, തൻെറ വയസ്സു ചാ ക്കിൽ കെട്ടിവച്ചിരിക്കുകയാണൊ! എന്നു കല്പിച്ചു ചോദി ക്കുകയുണ്ടായി.

ആ യാത്രയിൽതന്നെ ഒരിക്കൽകൂടി പരിശുദ്ധപി താവിനെ കാണുന്നതിനു ബ: തൊമ്മച്ചനു ഭാഗ്യംസിദ്ധി ച്ചു. മുൻകൂട്ടി പരിചയമായിരുന്ന തിരുമേനി, തൻെറ വാ ത്സല്യലക്ഷ്യമായി ബ: തോമ്മാച്ചൻെറ കാനോൻ ജപ പുസ്തകത്തിൻെറ ആദ്യപേജിൽ "വാത്സല്യമകനെ ശ്ലീ ഹായ്ക്കടുത്ത നമ്മുടെ ആശീർവാദം ഹൃദയപൂർവ്വം നാം നൽകുന്നു എന്നു് പത്താംപീയൂസ് പാപ്പാപ്പാ 1905 ജൂൺ 5-ാംനു- (ഒപ്പ്) ഇതു് സ്വന്തം തൃക്കൈകൊണ്ടു് എഴുതി ഒപ്പുവച്ചു കൊടുത്തു. കൂടാതെ മെത്രന്മാർ ധരിക്കു ന്ന തരത്തിലുള്ള ഒരു സ്വർണ്ണകുരിശും സന്തോഷസമേതം സമ്മാനമായി കൊടുത്തു.

1911—മാർച്ചിൽ ഡോക്ടർ മാത്യു മാക്കിൽ, ഡോക്ടർ ജോൺ മെനാച്ചേരി എന്നീ തിരുമേനിമാർ റോമിലേയ്ക്കു പോയിരുന്നു പത്താംപീയൂസ് പാപ്പായെ സന്ദർശിച്ചു തൃപ്പാദചുംബനം ചെയ്തു. മലയാളത്തിലെ സ്ഥിതിഗതികളെപ്പററിയും പ്രത്യേകിച്ചു ചങ്ങനാശ്ശേരി മിസ്സത്തെ സംബന്ധിച്ചും തിരുമേനി കല്പിച്ചു ചോദിച്ചു. ഒടുവിൽ തിരുമേനി ചങ്ങനശേരി മിസ്സത്തിലേയ്ക്കു ഒരു മെത്രാനെ നിയമിക്കുന്നതിനു "കുര്യാളശ്ശേരിയോഗ്യനല്ലേ!" എന്നു കല്പിച്ചു ചോദിച്ചു മെത്രാന്മാരുടെ ആഗ്രഹവും, തിരുമനസ്സിലെ തിരുവുള്ളവും ഒന്നുതന്നെയായിരുന്നു.

പത്താംപീയൂസ് പാപ്പായുടെ മരണവാർത്തയും 15—ാം ബനിഡിക്കോസ് മാർപ്പാപ്പായുടെ തെരഞ്ഞെടുപ്പും സംബന്ധിച്ചു ഞാൻ അയച്ചിരുന്ന കമ്പിവഴിയായി അറിഞ്ഞിരിക്കുമല്ലോ! പരിശുദ്ധപിതാവിനെ രണ്ടാം പ്രാവിശ്യം കാണ്മാനിടയായില്ല ദീനം കൂടുതലാണെന്നറിഞ്ഞു ഞാൻവത്തിക്കാനിൽ എത്തി. മോൺ: ബ്രാസ്സാൻ വഴിയായി ആശിർവാദം അപേക്ഷിച്ചു കാഴ്ചക്കാരുടെ കൂട്ടത്തിൽ എൻെറ പേരും പുസ്തകത്തിൽ എഴുതി. ഒരു മണിക്കൂറിലധികം അവിടെ താമസിച്ചു. മരിച്ചശേഷം വീണ്ടും വത്തിക്കാനിൽ എത്തി. മൃതശരീരം ഉച്ചകഴിഞ്ഞു ആറുമണിക്കു സിംഹാസകപ്പേളയിൽ എടുത്തുവച്ച സമയത്തു ഞാനും ഉണ്ടായിരുന്നു. കാഴ്ചക്കാരിൽ ആദ്യമായി തൃപ്പാദം മുത്തിയതു ഞാൻതന്നെയാണു്. വൈദികരുടെ ജനങ്ങളുടെയും ഭക്തികൊണ്ടു തിരുവസ്ത്രത്തിനും ശരീരത്തിനും കേടുവരുത്തിയേക്കുമൊ എന്നുഭയന്നു പിന്നെ ആർക്കും തൃപ്പാദം മുത്തുവാൻഅനുവദിച്ചില്ല. അടക്കിപ്പിനും മററെല്ലാ കർമ്മങ്ങൾക്കും ഞാനും ഹാജരുണ്ടായിരുന്നു (കുര്യാളശ്ശേരിമാർ തോമ്മാമെത്രാനച്ചൻ തിരുമനസ്സിലെ ജീവചരിത്രത്തിൽനിന്നും)



—— പത്തിൽ ശ്രീമാൻ കുഞ്ചെറിയ ജോസഫ് അവർകൾ കൈനകരി പള്ളിയിൽ നടത്തിയ ദർശനതിരുനാൾ സംബന്ധിച്ചുദേവാലയത്തിനു ചുററും നടത്തിയ വിശുദ്ധ കുർബാനയുടെ പ്രദക്ഷിണത്തിനു റവ. ഫാദർ സെബാസ്റ്റ്യൻ മണലിൽ അവർകളുടെ നേതൃത്വത്തിൽ വോളണ്ടിയേഴ്സ് വഴി ഒരുക്കുന്നു.

# കുടുംബചരിത്ര ഡയറക്ടറി.

---

ഉടൻ പ്രസിദ്ധം ചെയ്യുന്നു.

കുടുംബചരിത്രങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുവിൻ!!

അതു് നമ്മുടെ സന്താനപരമ്പരകൾക്കു്
ഒരു അമൂല്യ സമ്പത്തായിരിക്കും!!

കുടുംബചരിത്രങ്ങൾ, സ്ഥാപനചരിത്രങ്ങൾ, ചരമവിവരങ്ങൾ, വിവാഹവാർത്തകൾ ആദിയായവ, ഛായാപടങ്ങൾ സഹിതം ഈ ഡയറക്ടറിയിൽ ചേർത്തു പ്രസിദ്ധം ചെയ്യുന്നതാണു്.

ഡെമ്മി നാലിലൊന്നു സൈസ്സിൽ പ്രസിദ്ധം ചെയ്യുന്ന ഈ ഡയറക്ടറിയിൽ പേജു് ഒന്നിനു് ഇരുപത്തഞ്ചു രൂപയും, അര പേജിനു് പതിനഞ്ചു രൂപയും, കാൽ പേജിനു പത്തു രൂപയും ചാർജ്ജു് ചെയ്യുന്നതാണു്.

കൂടുതൽ വിവരങ്ങൾക്കു സ്റ്റാമ്പുസഹിതം ആവശ്യപ്പെടുക.

## കെ. എം. ജേക്കബ് മാപ്പിള.

പ്രിയോർ കുറിയാക്കോസ് മെമ്മോറിയൽ
പബ്ളിഷിംഗ് ഹൌസ്,

കൈനകരി, P. O. ആലപ്പുഴ,
തിരുവിതാംകൂർ.